# ചരിത്രകഥാവലി

## (മൂന്നാം ക്ലാസിലേക്ക്)

PUBLISHERS:
THE NATIONAL PUBLISHING HOUSE
High Road--TRICHUR.

1117

All Rights Reserved.

Price. 4 A [വില 4 ണ.

cl III A.

# ചരിത്രകഥാവലി

(മൂന്നാം ക്ലാസിലേക്ക്)

45-30

ഗ്രന്ഥകർത്താവ്:
ജോസഫ് മുണ്ടശ്ശേരി, എം. ഏ.

PUBLISHERS:
THE NATIONAL PUBLISHING HOUSE,
High Road--TRICHUR.

1117

All Rights Reserved.

Price. 4 As. ] [വില 4 ണ.

A III 2

# വിഷയവിവരം.


| പാഠം. | | ഭാഗം. |
|---|---|---|
| 1. | വിശ്വാമിത്രനും രാമലക്ഷ്മണന്മാരും. | 1 |
| 2. | സീതാന്വേഷണം. | 7 |
| 3. | രാമരാവണയുദ്ധം. | 16 |
| 4. | പാണ്ഡവന്മാർ. | 19 |
| 5. | വനവാസം. | 22 |
| 6. | ഭാരതയുദ്ധം. | 26 |
| 7. | ഹരിശ്ചന്ദ്രൻ. | 29 |
| 8. | സത്യവാനും സാവിത്രിയും. | 33 |
| 9. | നളനും ദമയന്തിയും. | 36 |
| 10. | ബാലനായ അലക്സാണ്ടർ. | 40 |
| 11. | ചിറ്റൂർ കോട്ടയിലെ മഹാബലി. | 42 |
| 12. | ചാന്ദ്ബീബി. | 46 |
| 13. | ശിവാജിയും രാമദാസസ്വാമികളും. | 49 |
| 14. | ബോഡേഷ്യ. | 52 |
| 15. | ആൽഫ്രഡും അപ്പവും. | 54 |
| 16. | റോബർട്ട് ബ്രൂസ്. | 56 |
| 17. | തിരുമലദേവൻ. | 58 |
| 18. | കൂടൽമാണിക്യം. | 59 |
| 19. | തിരുവഞ്ചിക്കുളം. | 61 |
| 20. | ഇമയവർമ്മപ്പെരുമാൾ അഥവാ ചെങ്കുട്ടവൻ. | 63 |
| 21. | വാസ്കോഡിഗാമ. | 65 |

Class Book. Class 3 a

# ചരിത്രകഥാവലി

## 1. വിശ്വാമിത്രനും രാമലക്ഷ്മണന്മാരും.

പണ്ടു വടക്കേ ഇൻഡ്യയിൽ കോസലമെന്നൊരു നാടുണ്ടായിരുന്നു. ഇന്നു ഔഡ് എന്നും അന്ന് അയോദ്ധ്യ എന്നും പേരായ നഗരമായിരുന്നു ആ രാജ്യത്തിന്റെ തലസ്ഥാനം. ആ രാജ്യം ഭരിച്ചിരുന്നതു് രഘുവംശരാജാക്കന്മാരാണു്. അവരിൽവെച്ച് വിളിപ്പെട്ടൊരു രാജാവായിരുന്നു ദശരഥൻ. അദ്ദേഹത്തിന്റെ പരാക്രമം കുറച്ചല്ലായിരുന്നു. ഇൻഡ്യയിലെ മിക്ക രാജാക്കന്മാരും അദ്ദേഹത്തെ വണങ്ങിയിരുന്നുവത്രെ. മഹാനായ അദ്ദേഹത്തിന്ന്, കൌസല്യ, കൈകേയി, സുമിത്ര എന്നു പേരായി മൂന്നു ഭാൎയ്യമാരുണ്ടായിരുന്നു. എന്നാൽ ആരിലും അദ്ദേഹത്തിന്നു വളരെക്കാലത്തേക്കു് സന്താനങ്ങളുണ്ടായില്ല. ദുഃഖിതനായ ആ രാജാവ് ഒടുവിൽ സുമന്ത്രൻ എന്ന മന്ത്രിയുടെ ഉപദേശം അനുസരിച്ച്, കുലഗുരുവായ വസിഷ്ഠമഹൎഷിയുമായാലോചിച്ച് പുത്രീയം എന്നൊരു യാഗം നടത്തി. അതിനുശേഷം രാജ്ഞിമാർ മൂവരും ഗർഭിണികളായി. കൌസല്യക്കും കൈകേയിക്കും ഓരോ സന്താനവും സുമിത്രക്കു രണ്ടു സന്താനങ്ങളും ഉണ്ടായി. കൌസല്യയുടെ പുത്രനു രാമനെന്നും കൈകേയിയുടെ പുത്രനു ഭരതനെന്നും പേരിട്ടു.

സുമിത്രയുടെ പുത്രന്മാൎക്ക് ലക്ഷ്മണനെന്നും ശത്രുഘ്നനെന്നുമാണ് പേർ.

കുട്ടികൾ നാലുപേരും കുലാചാൎയ്യനായ വസിഷ്ഠന്റെ കീഴിൽ വിദ്യാഭ്യാസം ചെയ്തു. ബുദ്ധിമാന്മാരായ അവർ, പണ്ടു രാജകുമാരന്മാൎക്കാവശ്യമായ വിദ്യകളെല്ലാം പ്രയാസംകൂടാതെ മനസ്സിലാക്കി. അവരുടെ മാനസികവും കായികവുമായ വികാസം കണ്ടു സന്തോഷിച്ച് ദശരഥൻ രാജ്യഭാരം ചെയ്തുകൊണ്ടിരിക്കേ ഒരു ദിവസം വിശ്വാമിത്രമഹർഷി കൊട്ടാരത്തിലേക്ക് എഴുന്നള്ളി. ദശരഥൻ അദ്ദേഹത്തെ വേണ്ടപോലെ ഉപചരിച്ച് കുശലങ്ങൾ ചോദിച്ചുകഴിഞ്ഞപ്പോൾ, അദ്ദേഹം, തന്റെ യാഗത്തിൽ കഷ്ടം ഉണ്ടാക്കിക്കൊണ്ടിരുന്ന രാക്ഷസന്മാരെ കൊന്നൊടുക്കുവാൻ രാമലക്ഷ്മണന്മാരെ അയച്ചുതരണമെന്ന് അപേക്ഷിച്ചു. ഏറെനാൾ ആശിച്ചിട്ടുണ്ടായ പുത്രന്മാരെ, രാക്ഷസവധമെന്നുള്ള സാഹസത്തിനു 'രണ്ടുംകല്പിച്ചു'യക്കുവാൻ ദശരഥനു മടി തോന്നി. എങ്കിലും, അപേക്ഷിച്ചതു് വിശ്വാമിത്രനാണല്ലോ എന്നു കരുതി അദ്ദേഹം, വസിഷ്ഠന്റെയും സുമന്ത്രരുടേയും അന്തൎഗ്ഗതം അറിഞ്ഞു അല്പം സമാധാനിച്ച് രാമനേയും ലക്ഷ്മണനേയും ആ മഹർഷിയോടൊന്നിച്ചു യാത്രയാക്കി.

വിശ്വാമിത്രൻ രാജകുമാരന്മാൎക്ക് യാത്രാക്ലേശവും ശത്രുബാധയും മററും ഉണ്ടാകാതിരിപ്പാൻ രണ്ടു കാൎയ്യങ്ങൾ ചെയ്തു. ഒന്ന്, ബല, അതിബല എന്നുള്ള രണ്ടു ദിവ്യമന്ത്രങ്ങൾ അവൎക്കു ഉപദേശിച്ചുകൊടുത്തതാണ്. ആ മന്ത്രങ്ങളറിഞ്ഞിരുന്നാൽ ഉത്സാഹവും ബലവും

വർദ്ധിക്കുകയും വിശപ്പും ദാഹവും ഇല്ലാതിരിക്കയും ശത്രുശല്യം നീങ്ങുകയും ചെയ്യും. അറിവും ആനന്ദവും വർദ്ധിപ്പിക്കുന്ന കഥകൾ അദ്ദേഹം വഴിനീളെ പറഞ്ഞുകൊണ്ടിരുന്നതാണു് മറെറാരു കാൎയ്യം. രാജകുമാരന്മാർ യാതൊരു ക്ലേശവും അനുഭവിക്കാതെ യാത്രതുടൎന്നു. ഇടക്കു് താടക എന്നൊരു രാക്ഷസിയുമായി അവൎക്കു് എതിരിടേണ്ടിവന്നു. സ്ത്രീയെന്നുവെച്ചു് അവളെ വധിക്കാൻ രാമനു മടിതോന്നി. എന്നിരുന്നാലും മഹൎഷി അരുളിച്ചെയ്തതനുസരിച്ചു് ഒടുവിൽ അദ്ദേഹം അവളെ കൊന്നുകളഞ്ഞു. അനന്തരം മററുപദ്രവങ്ങൾ വളരെയൊന്നും ഏല്ക്കാനിടയാകാതെ രാമലക്ഷ്മണന്മാർ വിശ്വാമിത്രനൊന്നിച്ചു് യാത്രചെയ്തു് ആശ്രമത്തിലെത്തി.

യാഗം മുറപോലെ നടക്കുകയായി. മാരീചൻ, സുബാഹു മുതലായ രാക്ഷസന്മാർ യാഗം മുടക്കുവാൻ ഒരുങ്ങി. എന്നാൽ ക്ഷത്രിയോത്തമനും ദിവ്യാസ്ത്രങ്ങൾ സ്വാധീനമാക്കിയവനുമായ രാമൻെറ ശക്തിയാൽ അവരെല്ലാവൎക്കും അതിൽനിന്നു വിരമിക്കേണ്ടിവന്നു. യാഗം യാതൊരു വിഘ്നവും കൂടാതെ നിൎവ്വഹിക്കപ്പെട്ടു. രാമലക്ഷ്മണന്മാരുടെ യോഗ്യത എല്ലാവൎക്കും സമ്മതമായി.

യാഗം ഭംഗിയായിക്കഴിഞ്ഞതിൽ വളരെസ്സന്തോഷിച്ച വിശ്വാമിത്രനു് രാജകുമാരന്മാരുടെ ശ്രേയസ്സിൽ കൌതുകം അധികമായി. അവൎക്കു മനോവികാസം നൽകത്തക്ക ഉപദേശങ്ങൾ പലതും അദ്ദേഹം അവൎക്കു നൽകി. അക്കൂട്ടത്തിൽ അദ്ദേഹം വിദേഹപതിയായ ജനകമഹാരാജാവിൻെറ കൊട്ടാരത്തിൽ ഉണ്ടായിരുന്ന വലിയൊരു വില്ലിനെക്കുറിച്ചു പറയുവാനിടയായി. ഉട

നെ അവൎക്കു് ആ വില്ലു കാണ്മാൻ ആഗ്രഹം ജനിക്കയും വിശ്വാമിത്രൻ ആ അഭിലാഷം നിറവേററിക്കൊടുക്കാമെന്നു ഏൽക്കുകയും ചെയ്തു. മഹർഷിയും രാജകുമാരന്മാരും വിദേഹത്തേക്കു് യാത്രയായി. വഴിക്കുവെച്ചു് പഴയപോലെ മഹർഷി കഥകൾ പലതും പറഞ്ഞു. തന്റേയും അവരുടേയും വംശങ്ങളെ സംബന്ധിച്ചവയായിരുന്നു അദ്ദേഹം പറഞ്ഞ കഥകളിൽ പ്രധാനങ്ങൾ. ഉത്സാഹഭരിതരായി അവർ അങ്ങനെ പൊയ്ക്കൊണ്ടിരിക്കെ, ഭർത്താവായ ഗൌതമമഹർഷിയുടെ ശാപമേററു് കല്ലായിക്കിടന്നിരുന്ന അഹല്യയെ ജീവിപ്പിക്കാനുള്ള ഭാഗ്യം രാമനുണ്ടായി. അദ്ദേഹത്തിന്റെ കാലടികൾ കല്ലിൽ പതിഞ്ഞ നിമിഷത്തിൽ അഹല്യ ജീവൻപൂണ്ടെഴുന്നേററു് അദ്ദേഹത്തെ വന്ദിച്ചു. അവരോടൊന്നിച്ചു് ഗൌതമാശ്രമത്തിൽ കയറി അല്പം വിശ്രമിച്ചതിനു ശേഷം അവരെല്ലാരും യാത്രതുടൎന്നു.

വിശ്വാമിത്രനും രാമലക്ഷ്മണന്മാരും മിഥിലാപുരിയുടെ സമീപത്തിൽ ജനകന്റെ യാഗശാലയിലെത്തി ശതാനന്ദനെന്ന മഹർഷിയെ കണ്ടു. അദ്ദേഹം വിദേഹരാജവംശത്തിലെ പുരോഹിതനായിരുന്നു. അദ്ദേഹം അതിഥികളെ വേണ്ടപോലെ സല്ക്കരിക്കുകയും രാമലക്ഷ്മണന്മാരോടു് വിശ്വാമിത്രന്റെ യോഗ്യതകളെക്കുറിച്ചു പറയുകയുമുണ്ടായി. രാത്രി യാഗശാലയിൽ കഴിച്ചുകൂട്ടി, പിറേറന്നു് എല്ലാവരും ജനകന്റെ രാജധാനിയിലേക്കു പോയി. ജനകമഹാരാജാവു് വിശ്വാമിത്രനേയും രാജനന്ദനന്മാരേയും സ്വീകരിച്ചു സൽക്കരിച്ചു് കുശലാദികൾ ചോദിച്ചറിഞ്ഞു. വിശ്വാമിത്രൻ പിന്നീടു് ശൈവചാപം കാണ്മാൻ രാജകുമാരന്മാൎക്കുണ്ടായിരു

ന്ന കൌതുകവും അവക്ക് ജന്മസിദ്ധമായിരുന്ന ക്ഷാത്ര തേജസ്സിന്റെ സ്വഭാവവും ജനകനെ അറിയിച്ചു. ജന കനു അവരുടെ അസാധാരണമായ സാമത്ഥ്യം കണ്ടേ കഴിയൂ എന്നായി. അദ്ദേഹം വില്ലെടുപ്പിച്ചുകൊണ്ടുവ ന്നു, സഭാമണ്ഡപത്തിൽ ഹാജരാക്കി. ശ്രീരാമനാകട്ടെ യാതൊരു ശങ്കയും കൂടാതെ വില്ലെടുത്തു കുലച്ചപ്പോൾ അതു, ഇടിനാദംപോലൊരു ശബ്ദമുണ്ടാക്കിക്കൊണ്ടു രണ്ടായി മുറിഞ്ഞുവീണു. കാണികൾ അമ്പരന്നു. അതു വരെ വില്ലെടുത്തു കുലയ്ക്കാൻ കഴിയാതെപോയ ക്ഷത്രി യന്മാരെല്ലാം ലജ്ജിച്ചു തലതാഴ്ത്തി. വില്ലൊടിഞ്ഞ ശബ്ദം അവക്ക് ഹൃദയശല്യമായിരുന്നെങ്കിൽ സീതക്ക് മാംഗല്യവാദ്യമായി. എല്ലാവരും രാമനെ വളരെ സ്തുതിച്ചു.

വില്ലൊടിക്കുന്നവന് തന്റെ മകളായ സീതയെ വിവാഹംചെയ്തുകൊടുക്കുന്നതാണെന്ന് ജനകൻ വിളം ബരം ചെയ്തിരുന്നു. അതനുസരിച്ച് അദ്ദേഹം ഉടനെ ദശരഥനേയും മററും ആളയച്ചു വരുത്തി വിധിപോലെ സീതാരാമന്മാരുടെ വിവാഹം നടത്തി. വിശ്വാമിത്ര ന്റെ അഭിപ്രായം ആദരിച്ചുകൊണ്ടു്, ഊമ്മിള, മാണ്ഡ വി, ശ്രുതകീത്തി എന്നീ രാജകുമാരിമാരെ ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നീ ദശരഥപുത്രന്മാക്കും ജനകൻ അപ്പോൾതന്നെ വിവാഹം ചെയ്തുകൊടുത്തു.

എല്ലാവരും സന്തോഷിച്ച് അയോധ്യയിലേക്ക് മടങ്ങി. വഴിക്കുവെച്ച് പരശുരാമൻ ക്ഷത്രിയന്മാരോടു ണ്ടായിരുന്ന പകപോക്കുവാൻ രാമനുമായി കലഹത്തി നൊരുങ്ങി. പക്ഷേ ഒരു നിമിഷംകൊണ്ടു് ശൈവചാ പം ഒടിച്ചുകളഞ്ഞ രാമനോടുണ്ടോ അദ്ദേഹത്തിന്റെ പരാക്രമം ഫലിക്കുന്നു? പരശുരാമൻ തോററൊഴിയേ

ണ്ടിവന്നു. എന്നാൽ രാമൻ ഒരു ഘോരയുദ്ധത്തിലേ
ർപ്പെട്ടു് ബ്രാഹ്മണനായിരുന്ന അദ്ദേഹത്തെ കൊല്ലുവാൻ




സീതാസ്വയംബരം.

മുതിർന്നില്ല. രാമൻ പരശുരാമനോടു അങ്ങനെ പെരു
മാറിയതു കണ്ടു് ദശരഥൻ വളരെ സമാധാനപ്പെട്ടു. അ
നന്തരം വേറെ പ്രതിബന്ധങ്ങളൊന്നും നേരിടാതെ
എല്ലാവരും അയോധ്യയിലെത്തി.

## 2. സീതാന്വേഷണം.

പുത്രന്മാരുടെ അഭിവൃദ്ധി കണ്ടു് മനം കുളുത്തു് ദശരഥൻ സ്വൈരമായി നാടുവാണുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ ഒരിക്കൽ കൈകേയിയുടെ സഹോദരനായ കേകയരാജാവിന്റെ ആവശ്യമനുസരിച്ചു് ഭരതൻ അദ്ദേഹത്തിന്റെ രാജധാനിയിൽ പോയി താമസമായി. ഏതാണ്ടക്കാലത്തു് ദശരഥൻ വാർദ്ധക്യം നിമിത്തം ശരീരസുഖം കുറഞ്ഞുവരുന്നതായിക്കണ്ടു് രാജ്യകാര്യങ്ങൾ കുറെയൊക്കെ പുത്രന്മാരെ ഏല്പിക്കാമെന്നു തീർച്ചയാക്കി. രാമനായിരുന്നു മക്കളിൽവെച്ചു് അദ്ദേഹത്തിനും അയോധ്യയിലെ ജനങ്ങൾക്കും ഏററം പ്രിയപ്പെട്ടവനും സമ്മതനും. അതുകൊണ്ടു രാമനെ യുവരാജാവായി അഭിഷേകം ചെയ്യാമെന്നുതന്നെ ദശരഥനു തോന്നി. മന്ത്രിമാർ അദ്ദേഹത്തിന്റെ അഭിപ്രായം ഏററുകൊണ്ടു. താമസിയാതെ രാമാഭിഷേകത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുവാൻ കല്പനയായി. ഉദ്യോഗസ്ഥന്മാരും പ്രജകളും ഒന്നുപോലെ സന്തോഷിച്ചു് നഗരപരിഷ്കാരം മുതലായ കാര്യങ്ങളിലേപ്പെട്ടു.

അഭിഷേകത്തിന്റെ ബഹളത്തിനിടയിൽ കൈകേയി എന്തോ ശീലായ്മ ഭാവിച്ചു കിടപ്പിലായി. അവളെ ഒരിടത്തും കാണാമായിരുന്നില്ല. കാരണമെന്താണെന്നോ? അവളുടെ പ്രിയപ്പെട്ട തോഴിയായ മന്ഥര എന്ന സ്ത്രീ, രാമനു പകരം ഭരതനെ യുവരാജാവാക്കിക്കിട്ടുവാൻ ഉത്സാഹിക്കണമെന്നു് അവളോടുപദേശിച്ചിരുന്നു. അതിലേക്കുള്ള ആദ്യത്തെ ഉപായമായിട്ടാണു് അവൾ ശീ




ശ്രീരാമന്റെ വനയാത്ര.

ലായ്മ നടിച്ചു കിടന്നതു്. ദശരഥൻ ഇക്കഥയൊന്നും അറിഞ്ഞില്ല. അദ്ദേഹം പ്രിയതമയുടെ അസ്വാസ്ഥ്യം കണ്ടു് പരവശനായി. ചോദിച്ചറിഞ്ഞപ്പോൾ അവൾക്കു കോപമാണു സുഖക്കേടെന്നു അദ്ദേഹത്തിനു മനസ്സിലായി. എന്തു ചെയ്തിട്ടെങ്കിലും ആ മംഗളമുഹൂൎത്തത്തിൽ അവളെ സമാധാനിപ്പിക്കാൻ ദശരഥൻ തയാറായി. അപ്പോഴാണു് അവളുടെ ദുരുദ്ദേശം വെളിപ്പെട്ടതു്. അവൾ അദ്ദേഹത്തോടു ഇപ്രകാരം പറഞ്ഞു:— "മഹാരാജാവേ, അവിടന്നു്, എനിക്കിഷ്ടമുള്ള രണ്ടു വരങ്ങൾ തരാമെന്നു് ദേവാസുരയുദ്ധത്തിൽവെച്ചു പറഞ്ഞിട്ടുണ്ടല്ലോ. അവ രണ്ടും എനിക്കിപ്പോൾ വേണം—ഒന്നു് രാമനെ കാട്ടിലയച്ചു് 14 കൊല്ലം താമസിപ്പിക്കുവാനും, മറെറാന്നു് ഭരതനെ യുവരാജാവായി അഭിഷേകംചെയ്യാനും—" ഈ വാക്കുകൾ കേട്ടപ്പോൾ രാജാവു് ഇടിവെട്ടേററപോലായി. അദ്ദേഹത്തിൻെറ മനോവേദനക്കു് അതിരില്ലായിരുന്നു. എന്നിരുന്നാലും സത്യലംഘനം ചെയ്യുവാൻ അദ്ദേഹത്തിനു മനസ്സുണ്ടായിരുന്നില്ല. രാമൻ വസ്തുതകൾ അറിഞ്ഞപ്പോൾ ഒട്ടും ഭാവഭേദം കാണിക്കാതെ അച്ഛൻെറ സത്യം നിറവേററുവാൻ തീൎച്ചയാക്കി. അവൻ സീതയോടും ലക്ഷ്മണനോടും കൂടി കാട്ടിലേക്കു യാത്രയായി. ഗുഹൻെറ തോണിയിൽ ഗംഗാനദി കടന്നു് ഏതാനും ദിവസങ്ങൾകൊണ്ടു അവൻ ദണ്ഡകാരണ്യത്തിലെത്തി, സൌകൎയ്യപ്പെട്ടൊരു ഭാഗത്തു നല്ലൊരു വള്ളിക്കുടിലുണ്ടാക്കി അതിൽ താമസമാക്കി.

രാമൻെറ ഈ വേർപാടു് സകലൎക്കും ദുഃഖകരമായിരുന്നുവെന്നു പറയേണ്ടല്ലൊ. ദശരഥൻ ആ ദുഃഖം




ഗുഹൻ രാമസീതാലക്ഷ്മണന്മാരെ തോണി കടത്തുന്നതു്.

കൊണ്ടുതന്നെ കാലഗതിയടഞ്ഞു. മന്ത്രിമാർ അനന്തരം ചെയ്യേണ്ടതെന്തെന്നു് ആലോചിച്ചുറച്ചു് വേഗം കേകയരാജ്യത്തു പോയി ഭരതനെക്കൊണ്ടുവന്നു് രാജ്യകാര്യങ്ങൾ നടത്തുവാൻ ഏർപ്പാടു ചെയ്തു. കൈകേയി ചെയ്ത കുസൃതികളൊന്നും ഇഷ്ടപ്പെടാത്തവനായിരുന്നു ഭരതൻ. രാമനോടു ഭരതനു് വളരെ ഭക്തിയും സ്നേഹവും ഉണ്ടായിരുന്നു. തന്നിമിത്തം ഭരതൻ കാട്ടിൽ പോയി രാമനോടു അയോധ്യയിലേക്കു മടങ്ങിവന്നു് രാജ്യഭാരമേല്ക്കുവാൻ താണുകേണപേക്ഷിച്ചുനോക്കി. ധർമ്മത്തിൽ നിന്നു തെല്ലും മാറാത്ത രാമൻ അതിനു വഴിപ്പെട്ടില്ല. രാമന്റെ അനുഗ്രഹങ്ങൾ വാങ്ങി തിരിച്ചുപോരുവാനേ ഭരതനു സംഗതിയായുള്ളൂ. അച്ഛന്റെ ശേഷക്രിയകളെല്ലാം രാമൻ ലക്ഷ്മണനോടൊന്നിച്ചു കാട്ടിൽവെച്ചുതന്നെ കഴിച്ചുകൂട്ടി. ഭരതൻ നാട്ടിലെത്തി, അയോധ്യക്കു സമീപം നന്ദിഗ്രാമമെന്നൊരിടത്തു് താമസിച്ചു, രാമന്റെ പ്രതിനിധിയെന്ന നിലയിൽ രാജ്യം ഭരിച്ചുകൊണ്ടിരുന്നു.

കാട്ടിലെ ജീവിതം രാമലക്ഷ്മണന്മാർക്കും സീതക്കും അത്ര അസുഖകരമായിരുന്നില്ല. പക്ഷേ ഇടക്കിടക്കു് രാക്ഷസവർഗ്ഗത്തെക്കൊണ്ടുള്ള ശല്യം ഉണ്ടായിക്കൊണ്ടിരുന്നു. ഒരിക്കൽ ശൂർപ്പണഖ എന്നൊരു രാക്ഷസി രാമലക്ഷ്മണന്മാരെക്കാണുകയും അവരിൽ ഒരാളെ വിവാഹം ചെയ്യുവാനാശിക്കയും ഉണ്ടായി. ധർമ്മവ്രതരായിരുന്ന രാമലക്ഷ്മണന്മാർക്കു് അവളുടെ ആഗ്രഹത്തെ നിറവേററുവാൻ കഴിവുണ്ടായിരുന്നില്ല. അവളെക്കൊണ്ടുള്ള ഉപദ്രവം ദുസ്സഹമായപ്പോൾ ലക്ഷ്മണൻ അവളെ അംഗ-

ഭംഗം വരുത്തി വിട്ടു. സ്വന്തം സഹോദരനും രാക്ഷസന്മാരുടെ തലവനുമായിരുന്ന രാവണനോടു് അവൾ ആ സംഭവമശേഷം പറഞ്ഞറിയിച്ചു് അയാളെ പ്രതിക്രിയക്കായി ഉത്സാഹിപ്പിച്ചു. അതിൻെറ ഫലമായി മററൊരു സംഭവം വൈകാതെ ഉണ്ടായി.

ഒരു ദിവസം രാമൻെറ ആശ്രമത്തിനടുക്കൽ വളരെ മനോഹരമായൊരു പൊന്മാൻ വന്നുനിന്നു കളിപ്പാനൊരുങ്ങി. സീതക്കു് അതിനെ കിട്ടിയാൽ കൊള്ളാമെന്നു തോന്നി. പ്രിയതമയുടെ ഇഷ്ടങ്ങൾ സാധിപ്പിച്ചു കൊടുപ്പാൻ എപ്പോഴും ശ്രദ്ധിച്ചിരുന്ന രാമൻ ഉടനെ അമ്പും വില്ലുമായിറങ്ങി ആ മാനിനെ പിടിക്കുവാൻ ഏപ്പെട്ടു. മാനാകട്ടെ, മിന്നലിൻെറ വേഗത്തിൽ പാഞ്ഞു് എങ്ങോ പോയി മറഞ്ഞു. രാമൻ അതിൻെറ പിന്നാലെ ഓടി വളരെ ദൂരത്തായി. മാനിനെ ജീവനോടെ കയ്യിൽ കിട്ടുകയില്ലെന്നു കണ്ടപ്പോൾ രാമൻ അതിൻെറ നേക്കു് ഒരമ്പെയ്തു. ഉടനെ ഒരു നിലവിളി പുറപ്പെട്ടു. ആ മാൻ വാസ്തവത്തിൽ രാവണൻ അയച്ച മാരീചനെന്ന രാക്ഷസനായിരുന്നു. അപകടം പററിയതു് രാമന്നാണെന്നു തോന്നത്തക്കവണ്ണം, രാമൻ സഹായത്തിനായി ലക്ഷ്മണനെ വിളിക്കുംപോലെ, 'ലക്ഷ്മണ, ലക്ഷ്മണ' എന്നാണു്, മാനിൻെറ രൂപത്തിൽ മറഞ്ഞുനിന്നു മാരീചൻ നിലവിളിച്ചതു്. വിളി രാമൻെറ സ്വരത്തിലുമായിരുന്നു. നിലവിളിയോടുകൂടി മാരീചൻെറ കഥ കഴിഞ്ഞു. എന്നാൽ അകലെ ആശ്രമത്തിൽ നിന്നിരുന്ന സീത, വിലാപശബ്ദംകേട്ടു് പ്രിയതമന്നു് ആപത്തു നേരിട്ടിരിക്കുമെന്നു കരുതി, ഉടനെ ലക്ഷ്മണ



സീതാകനകമൃഗദർശനം.

നോട് കാട്ടിൽകടന്നു തിരയാൻ ആവശ്യപ്പെട്ടു. അല്പം മടി തോന്നിയെങ്കിലും ലക്ഷ്മണൻ ഒടുവിൽ ജ്യേഷ്ഠത്തിയുടെ വാക്കുകേട്ട് രാമൻെറ പിന്നാലെ പോയി. അപ്പോൾ ആശ്രമത്തിൽ സീത ഏകാകിനിയായെന്നു പറയേണ്ടതില്ലല്ലോ. ആ ലാക്കിൽ രാവണൻ വന്ന് സീതയെ അപഹരിച്ച് വിമാനത്തിൽകയററി ലങ്കയിലേക്കു കൊണ്ടുപോയി. അങ്ങനെ രാവണൻ ശൂർപ്പണഖയെ ഉപദ്രവിച്ച രാമാദികളോടു പ്രതികാരം ചെയ്തു.

രാമൻ കാട്ടിൽനിന്നു തിരിച്ചെത്തിയപ്പോൾ സീതയെ കണ്ടില്ല. അദ്ദേഹം പരിഭ്രമിച്ചുവശായി. ആശ്രമത്തിനു നാലുപുറവും വനാന്തരത്തിലും അദ്ദേഹം പ്രിയതമയെ തേടിനടന്നു. ഒരിടത്തും അവളെ കണ്ടില്ല. അദ്ദേഹം ദുഃഖപരവശനായി. വഴിക്കുവെച്ച് ചിറകററു ചാവാറായിക്കിടന്നിരുന്ന ജടായുവെന്ന പക്ഷിശ്രേഷ്ഠനെ രാമലക്ഷ്മണന്മാർ കണ്ടു. ദശരഥൻെറ ഉററബന്ധുവായിരുന്ന ജടായു സീതയെ കട്ടുകൊണ്ടുപോകുന്ന രാവണനെ തടഞ്ഞുനിൎത്തുവാൻ പരിശ്രമിച്ചുനോക്കി. അതിൽവെച്ച് രാവണൻെറ വെട്ടേററിട്ടാണു് ആ പക്ഷിവയ്യൻെറ പക്ഷങ്ങളററതു്. ഈ വിവരങ്ങളെല്ലാം രാമലക്ഷ്മണന്മാരെ ധരിപ്പിച്ച് കൃതാൎത്ഥനായി ജടായു പ്രാണൻ വെടിഞ്ഞു. പിതാവിൻെറ സുഹൃത്തും തങ്ങളുടെ ഉപകാരിയുമായിരുന്ന ജടായുവിൻെറ ശരീരം അവർ യഥാവിധി സംസ്കരിച്ചു. അനന്തരം സീതയെ മോചിപ്പിക്കുന്നതിനുള്ള ഉപായത്തെക്കുറിച്ചാലോചനയായി.

കാട്ടിൽ പിന്നേയും ചുററിനടന്നതിന്നിടക്ക് രാമലക്ഷ്മണന്മാർ സുഗ്രീവനെന്ന വാനരത്തലവൻെറ ദൂതനായ ഹനുമാനെ കാണ്മാനിടയായി. അവൻവഴിക്ക് അവർ സുഗ്രീവൻ പാൎത്തിരുന്ന ഋഷ്യമൂകപൎവ്വതത്തിലെത്തി. സുഗ്രീവൻ, പരാക്രമിയും ദുസ്വഭാവിയുമായിരുന്ന സഹോദരനെ—ബാലിയെ—പേടിച്ച് ആ പൎവ്വതത്തിൽ ഒളിച്ചു പാൎക്കുകയായിരുന്നു. രാമനും സുഗ്രീവനും യോജിച്ച് പരസ്പരം സഹായിക്കാമെന്ന് കരാറുചെയ്തു. ദുസ്സാമൎത്ഥ്യം കാണിച്ചിരുന്ന ബാലിയെക്കൊന്ന് രാമൻ സുഗ്രീവനെ കിഷ്കിന്ധയിൽ കൊണ്ടുപോയി രാജാവായി അഭിഷേകം ചെയ്തു. സുഗ്രീവന്നു തൃപ്തിയായി. അനന്തരം തൻെറ വാനരദൂതന്മാരെ നാനാഭാഗത്തേക്കും അയച്ച് സുഗ്രീവൻ സീത എവിടെ എന്നന്വേഷിച്ചു. ദൂതരിൽത്തലവൻ ഹനുമാനായിരുന്നു. ഏതാനും നാളുകളിൽ ഹനുമാൻ തെക്കോട്ട് യാത്രചെയ്തു രാക്ഷസേന്ദ്രനായ രാവണൻെറ രാജധാനിയിൽ—ലങ്കയിൽ—സീതയെ കണ്ടു് മടങ്ങിവന്ന് വിവരങ്ങളെല്ലാം രാമനെ മനസ്സിലാക്കി. രാമൻെറ ദുഃഖത്തിന്നു അല്പം ശമനമായി. ഏതായാലും സുഗ്രീവൻേറയും വാനരപ്പടയുടേയും സഹായംകൊണ്ടു് രാവണനോടു യുദ്ധംചെയ്തു് സീതയെ വീണ്ടെടുക്കാമെന്ന് രാമൻ ഉറച്ചു. ഒട്ടും വൈകാതെ അതിന്നവേണ്ട ഒരുക്കങ്ങളായി.

---

## 3. രാമരാവണയുദ്ധം.

രാവണന്റെ ആസ്ഥാനമായ ലങ്കയിൽ കയറി യുദ്ധം ചെയ്യുവാൻ ഒന്നാമതായി സമുദ്രം കടക്കേണ്ടിയിരുന്നു. രാമൻ സമുദ്രത്തിൽ ഒരു ചിറ കെട്ടിത്തരുവാൻ സുഗ്രീവനോടാവശ്യപ്പെട്ടു. സുഗ്രീവൻ സമർത്ഥന്മാരായ വാനരന്മാരെക്കൊണ്ട് എളുപ്പത്തിൽ ഒരു ചിറകെട്ടിച്ച് സൈന്യങ്ങൾക്കെല്ലാം ലങ്കയിൽ കടന്നാക്രമിക്കുവാൻ സൌകര്യം ഉണ്ടാക്കി. ആ ചിറയുണ്ടാക്കിയ പ്രദേശത്തെയാണ് ഇപ്പോഴും സേതുസ്ഥാനം എന്നു വിളിക്കുന്നത്. സേതുമാർഗ്ഗേണ രാമലക്ഷ്മണന്മാരും, വാനരപ്പടയും ലങ്കയിൽ കയറി രാവണന്റെ രാജധാനിയെ വളഞ്ഞു. ഏകദേശം മഞ്ഞവർണ്ണം പൂണ്ട വാനരന്മാർ ചുററും നിന്നപ്പോൾ പുതിയൊരു പൊന്മതിൽ കെട്ടിയുയർത്തിയപോലെ തോന്നി. എണ്ണമില്ലാതെ വാനരന്മാർ വന്നു കയറുന്നതു കണ്ടിട്ടും രാവണനും കൂട്ടർക്കും കൂസലുണ്ടായില്ല. വാനരന്മാർ എന്തുള്ളു എന്നായിരുന്നു അവരുടെ ഭാവം.

രാമൻ തീരെ മുന്നറിവുകൊടുക്കാതെ രാവണരാജ്യം ആക്രമിച്ചില്ല. കഴിയുമെങ്കിൽ യുദ്ധമൊഴിച്ചുവെക്കുവാൻ രാമനാഗ്രഹിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹം അംഗദൻ മുതലായ വാനരദൂതന്മാരെ അയച്ച്, സീതയെത്തിരികെത്തരികയാണെങ്കിൽ യുദ്ധം ചെയ്യുന്നതല്ലെന്നു രാവണനെ അറിയിച്ചു. പക്ഷേ രാവണനുണ്ടോ വഴിപ്പെടുന്നു! 'വിനാശകാലെ വിപരീതബുദ്ധി' എന്നുണ്ടല്ലോ. രാവണൻ രാമന്റെ സന്ദേശത്തെത്തള്ളുകയാൽ രാമൻ ഒടുവിൽ യുദ്ധത്തിനിറങ്ങി. രാമാദികളുടെ നിശ്ചയത്തെക്കുറിച്ചറിഞ്ഞപ്പോൾ വിഭീഷണൻ ജ്യേഷ്ഠനായ രാവണൻ പുലിവാലുപിടിക്കാനാണ് പോകുന്നതെന്നു മനസ്സിലാക്കി ഇപ്രകാരം പറഞ്ഞു:— "മഹാരാജാവേ, അ

വിടന്നു കരുതുംപോലെ രാമൻ ഒരു നിസ്സാരനല്ല. അവിടത്തോടെതിൎക്കാൻ ഉറച്ചതുകൊണ്ടുതന്നെ അദ്ദേഹം ഒരു അസാമാന്യനാണെന്നു് ഊഹിക്കാം. സീതയെ തിരികേ കൊടുക്കുക എന്നതു വലിയൊരു കാൎയ്യമല്ല. അദ്ദേഹം ആവശ്യപ്പെടുന്നതു് അതുമാത്രമാണു്. എന്തുകൊണ്ടു നമുക്കു് അതു ചെയ്തുകൂടാ! അധൎമ്മം പ്രവൎത്തിച്ചതിനു ശേഷം സ്വല്പമായ മാനക്കേടു് ഭയന്നു് യുദ്ധത്തിനു പുറപ്പെട്ടാൽ നമ്മുടെ വംശം നശിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. മൎയ്യാദ പാലിച്ചുകൊണ്ടു് സീതയെ അദ്ദേഹത്തിനു ഏല്പിച്ചുകൊടുത്തു് നല്ലവാക്കു പറഞ്ഞാൽ മഹാമനസ്കനായ അദ്ദേഹം വളരെ സന്തോഷിക്കും. ഒരുപക്ഷേ നമ്മുടെ നന്മക്കുവേണ്ടി പ്രയത്നിക്കുകയും ചെയ്യും. അതല്ലേ നമുക്കു ധൈൎയ്യം?" ഈ ഉപദേശം രാവണൻ കൈക്കൊണ്ടില്ല. വിഭീഷണൻ കുലദ്രോഹിയായിട്ടാണു് രാമൻെറ പക്ഷംപിടിച്ചു വാദിച്ചതെന്നു് പറഞ്ഞു രാവണൻ വല്ലാതെ കോപിക്കയാണുണ്ടായതു്. താൻ തോൽക്കുമ്പോൾ രാജ്യം കൈക്കലാക്കാനുള്ള ഒരുപായമായിട്ടുകൂടിയല്ലേ വിഭീഷണൻ ശത്രുവിൻെറ പക്ഷം പിടിച്ചതെന്നും രാവണനു തോന്നി. തെല്ലും സംശയിക്കാതെ രാവണൻ തൻെറ മറെറാരനുജനായ കുംഭകൎണ്ണനേയും പുത്രനായ ഇന്ദ്രജിത്തിനേയും പടത്തലവന്മാരായി നിശ്ചയിച്ചു യുദ്ധത്തിനിറങ്ങി.

യുദ്ധം മുറക്കു നടന്നു. ആദ്യം കുംഭകൎണ്ണൻ വധിക്കപ്പെട്ടു. രാക്ഷസവീരന്മാരിൽ പലരും കാലപുരിയണഞ്ഞു. പിന്നീടു് രാവണൻെറ പുത്രൻ, താൻ ഇന്ദ്രനെപ്പോലും ജയിച്ചവനാണെന്നുള്ള ദുരഭിമാനത്തോടുകൂടി പോരിനിറങ്ങി. ശത്രുസൈന്യത്തെ പെട്ടെന്നു മോഹാലസ്യപ്പെടുത്താൻ ഉപകരിക്കുന്ന ദിവ്യാസ്ത്രങ്ങൾ ഇന്ദ്രജിത്തു് പ്രയോഗിച്ചുനോക്കി. വാനരന്മാർ അവയേററു കുറച്ചുസമയത്തേക്കു് മോഹാലസ്യപ്പെട്ടു. പക്ഷേ ഉട

നടി ഹനുമാൻ കൊണ്ടുവന്ന സഞ്ജീവിനി എന്ന മരുന്നുപയോഗിച്ച് മിക്കവരും സുബോധം പ്രാപിച്ച് വീണ്ടും യുദ്ധം ചെയ്തു. ആ യുദ്ധത്തിൽവെച്ച് വില്ലാളിവീരനായ ലക്ഷ്മണൻെറ അമ്പേററ് ഇന്ദ്രജിത്ത് മരണമടഞ്ഞു. അത്രയുമായപ്പോൾ രാവണൻ ഒന്നു കുലുങ്ങി. അനുജൻേറയും മകൻേറയും മരണം അദ്ദേഹത്തെ പരിഭ്രാന്തനാക്കി. ഒടുവിൽ രാവണൻ നേരിട്ടു പോർക്കളത്തിലിറങ്ങി പൊരുതുകയായി. രാമരാവണന്മാർ തമ്മിൽനടന്ന യുദ്ധം കുറെ നീണ്ടുനിന്നു. ഏകദേശം തുല്യബലന്മാരായ അവരുടെ അടവും പയററും അസ്ത്രപ്രയോഗവും കണ്ടുനിന്നവരെല്ലാം എന്തെന്നില്ലാതെ ആശ്ചര്യപ്പെട്ടു. അവസാനം രാമൻ അയച്ച ബ്രഹ്മാസ്ത്രമേററ് രാവണൻ മൃതനായി. അങ്ങനെ രാക്ഷസന്മാരുടെ ശക്തി എന്നെന്നേക്കുമായി ക്ഷയിച്ചു. ഏതാനും നാൾ രാക്ഷസികളുടെ പിടിയിൽ കുടുങ്ങിക്കിടക്കേണ്ടിവന്ന സീത സ്വതന്ത്രയായി.

സൽബുദ്ധിയായ വിഭീഷണനെ രാമൻ ലങ്കയിലെ രാജാവായി അഭിഷേകം ചെയ്തു. രാക്ഷസനഗരവാസം കൊണ്ടു തനിക്കു് അശുദ്ധിയൊന്നും വന്നിട്ടില്ലെന്നു് തെളിയിക്കുവാൻ സീത അഗ്നിപ്രവേശം ചെയ്തു. അഗ്നിദേവൻ, അവൾ ചാരിത്രവതിയെന്നു രാമനു ബോധ്യമാക്കി. അങ്ങനെ ശുദ്ധിമതിയെന്നു തെളിഞ്ഞ സീതയോടൊന്നിച്ച് രാമൻ അയോധ്യയിലേക്കുപോയി. കൈകേയി പറഞ്ഞിരുന്ന 14 കൊല്ലത്തെ വനവാസം അപ്പോഴെക്കും കഴിഞ്ഞിരുന്നു. നന്ദിഗ്രാമത്തിൽ ജ്യേഷ്ഠനു പകരം നാടുവാണിരുന്ന ഭരതൻ രാമനെ സന്തോഷത്തോടുകൂടി സ്വീകരിച്ച് അയോധ്യയിലെ സിംഹാസനത്തിലിരുത്തി. അനന്തരം രാമൻ ഏറെക്കാലം ജനങ്ങളുടെ ക്ഷേമം പുലർത്തിക്കൊണ്ടു രാജ്യഭാരം ചെയ്തു.

# 4. പാണ്ഡവന്മാർ.

പണ്ട വടക്കെ ഇന്ത്യയിൽ പഞ്ചനദം എന്ന പറഞ്ഞിരുന്ന ദേശത്ത് ചന്ദ്രവംശജരായ രണ്ട രാജകുമാരന്മാർ ഉണ്ടായിരുന്നു. മൂത്തവന്നു ധൃതരാഷ്ട്രർ എന്നും ഇളയവന്നു പാണ്ഡു എന്നും ആയിരുന്നു പേർ. ധൃതരാഷ്ട്രർ ജന്മനാ കുരുടനായിരുന്നു. അദ്ദേഹം രാജ്യഭരണം അനുജനെ ഏല്പിച്ച സ്വൈരമായിരുന്നു. ഗാന്ധാരിയായിരുന്നു ധൃതരാഷ്ട്രരുടെ ഭാൎയ്യ. പാണ്ഡുവിന്നു കുന്തിയെന്നും മാദ്രിയെന്നും രണ്ട ഭാൎയ്യമാരുണ്ടായിരുന്നു. ധൃതരാഷ്ട്രൎക്ക കുറെക്കാലത്തേയ്ക്കു മക്കളുണ്ടായില്ല. പിന്നീട് സൂൎയ്യഭഗവാന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്നു നൂറെറാന്നു മക്കളുണ്ടായി— നൂറു പുത്രന്മാരും ഒരു പുത്രിയും. പാണ്ഡുവിന്നു കുന്തിയിൽ മൂന്നും മാദ്രിയിൽ രണ്ടും കുമാരന്മാർ ജനിച്ചു. പാണ്ഡുപുത്രന്മാരെ പാണ്ഡവരെന്നും ധൃതരാഷ്ട്രരുടെ മക്കളെ ധാൎത്തരാഷ്ട്രരെന്നും വിളിച്ചുവന്നു. ധാൎത്തരാഷ്ട്രൎക്ക കൌരവരെന്നും പേരുണ്ടായിരുന്നു. ആ പേരിലാണ് അവർ അധികം അറിയപ്പെട്ടിട്ടുള്ളതു്.

യുധിഷ്ഠിരൻ, ഭീമസേനൻ, അൎജ്ജുനൻ, നകുലൻ, സഹദേവൻ എന്നിവരായിരുന്നു പാണ്ഡവന്മാർ. കൌരവന്മാരിൽ മൂത്തവൻ ദുൎയ്യോധനനായിരുന്നു. എന്നാൽ രാജകുമാരന്മാരെല്ലാവരിലുംവെച്ചു മൂത്തവൻ യുധിഷ്ഠിരനായിരുന്നു.

ബാല്യത്തിൽ എല്ലാവരും വിധിപോലെ വിദ്യാഭ്യാസം ആരംഭിച്ചു. കൃപരായിരുന്നു ഗുരുനാഥൻ. രാ

ജാക്കന്മാക്ക് ഒഴിച്ചുകൂടാത്ത ആയുധവിദ്യയും ധമ്മശാസ്ത്രങ്ങളുമാണ് അദ്ദേഹം അവരെ പഠിപ്പിച്ചതു്. പഠിപ്പിൽ പാണ്ഡവരും കൌരവരും തമ്മിൽ എന്നും മത്സരിച്ചുപോന്നു. ജയം നേടിയത് എപ്പോഴും പാണ്ഡവരായിരുന്നു. അങ്ങനെയിരിക്കെ ആയുധാഭ്യാസത്തിൽ അതിസമൎത്ഥനായിരുന്ന ദ്രോണരെ അവൎക്ക് ആചാൎയ്യനായി കിട്ടി. ഒരു ദിവസം കുമാരന്മാർ വീടയും മോതിരവും കളിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ വീട കിണററിൽ പോയി. അത് എടുക്കുവാൻ നിവൃത്തിയില്ലാതെ കുട്ടികൾ വിഷണ്ണരായി നില്ക്കുകയായിരുന്നു. അപ്പോൾ ഒരു ബ്രാഹ്മണൻ അടുത്തു വന്നു. അയാൾ അസ്ത്രങ്ങൾ വഴിക്കുവഴിയായി എയ്തു് ഒരു തോട്ടികൊണ്ടെന്നപോലെ വീട കിണററിൽനിന്നെടുത്തു; പകരം ഒരു നേരത്തെ ഭക്ഷണം കിട്ടണമെന്നാവശ്യപ്പെട്ടു. ബ്രാഹ്മണൻെറ പേരറിയുവാൻ കുട്ടികൾ ആഗ്രഹിച്ചുവെങ്കിലും അദ്ദേഹം അതു അറിയിച്ചില്ല. അത്ഭുതം കൊണ്ടും സന്തോഷം കൊണ്ടും മതിമറന്ന കുട്ടികൾ കൊട്ടാരത്തിൽ ചെന്നു വിവരം അറിയിച്ചു. മുത്തച്ഛനായ ഭീഷ്മർ കഥയറിഞ്ഞപ്പോൾ ഇത്രവലിയ സാമൎത്ഥ്യം അസ്ത്രാഭ്യാസത്തിൽ കാണിച്ചയാൾ ദ്രോണരായിരിക്കുമെന്നു മനസ്സിലാക്കി. ഉടനെ അദ്ദേഹം ദ്രോണരെ വരുത്തി സൽക്കരിക്കയും രാജധാനിയിൽ പാൎത്തു കുട്ടികളെ ആയുധാഭ്യാസത്തിൽ നിപുണരാക്കിത്തീക്കണമെന്ന് ഏല്പിക്കയും ചെയ്തു. ഏതാനും നാൾകൊണ്ടു രാജകുമാരന്മാർ ആയുധവിദ്യയിൽ പൂൎവ്വാധികം നൈപുണ്യം നേടുകയും ദിവ്യാസ്ത്രങ്ങൾ പലതും ഗ്രഹിക്കുകയും ചെയ്തു.

എല്ലാവരിലും വെച്ച് മിടുക്കൻ അൎജ്ജുനനായി രുന്നു. അമ്പും വില്ലും എടുത്തു പ്രയോഗിക്കുന്നതിൽ അൎജ്ജുനനെ ജയിക്കാൻ ആരെക്കൊണ്ടും കഴിഞ്ഞില്ല. അതിനാൽ ദുൎയ്യോധനൻ മുതലായവൎക്കും അവരുടെ പക്ഷക്കാരനായ കൎണ്ണനും അൎജ്ജുനനോടു വൈരമായി. അവസരം കിട്ടിയാൽ ആ കൊച്ചുമിടുക്കനെ അടിപ്പെടുത്തണമെന്നായിരുന്നു അവരുടെ ഉന്നം. ഇങ്ങനെ ഇവർ തമ്മിൽ ആരംഭിച്ച വഴക്കു രണ്ടുകൂട്ടരുടേയും അവസാനംവരെ നീണ്ടുനിന്നു.

പഠിപ്പു കഴിഞ്ഞു ആചാൎയ്യൻ ശിഷ്യന്മാൎക്കു ഒരു പരീക്ഷ നിശ്ചയിച്ചു. ഒരു മരത്തിൻമീതെ തിരിഞ്ഞു കൊണ്ടിരുന്ന ഒരു കിളിയുടെ കഴുത്തു് അമ്പെയ്തു താഴെ വീഴ്ത്തണമെന്നായിരുന്നു നിശ്ചയം. ആ പരീക്ഷയിൽ ജയിക്കാൻ അൎജ്ജുനനേ ഉണ്ടായുള്ളു. വില്ലാളിവീരൻ എന്നു് എല്ലാവരും അൎജ്ജുനനെ പുകഴ്ത്തി. പഠിപ്പു് അവസാനിപ്പിക്കുന്നതോടുകൂടി ഗുരുദക്ഷിണ ചെയ്യേണ്ട തെങ്ങനെയെന്നു ദ്രോണരോടു ചോദിച്ചപ്പോൾ അദ്ദേഹം ആവശ്യപ്പെട്ടതു പാഞ്ചാലരാജാവിനെ പിടിച്ചു കൊണ്ടുവരാനാണു്. ആ കൃത്യവും അൎജ്ജുനനേ നിൎവ്വഹിക്കാൻ കഴിഞ്ഞുള്ളു. ഇതൊക്കെ കഴിഞ്ഞപ്പോൾ ജനങ്ങൾക്കെല്ലാം അൎജ്ജുനനോടുണ്ടായ ബഹുമാനത്തിന്നു കണക്കില്ല. അതോടൊപ്പം കൌരവരും പാണ്ഡവരും തമ്മിലുള്ള വൈരം മുറുകിവശായി.

# 5. വനവാസം.

പാണ്ഡവന്മാരുടെ അച്ഛൻ കാലെ മരിക്കുകയാൽ കുരുടനായ ധൃതരാഷ്ട്രർ തന്നെ രാജ്യഭാരം ഏല്ക്കേണ്ടി വന്നു. കാൎയ്യങ്ങൾ നടത്താൻ ദുൎയ്യോധനൻ ഏറക്കുറെ ചുമതലപ്പെട്ടു. എന്നിരുന്നാലും തന്റെയും അനുജന്റെയും മക്കളിൽ വെച്ചു മൂത്തവനായ യുധിഷ്ഠിരനെത്തന്നെ വേണം യുവരാജാവാക്കുവാനെന്നു് അദ്ദേഹത്തിന്നു തോന്നി. അച്ഛന്റെ നിശ്ചയം അറിഞ്ഞപ്പോൾ ദുൎയ്യോധനന്നു രസക്കേടായി. എങ്ങനെയെങ്കിലും പാണ്ഡവന്മാരെ നശിപ്പിക്കുവാനുള്ള ഉപായങ്ങൾ കണ്ടുപിടിക്കണമെന്നുറച്ചു. ദുൎയ്യോധനൻ കൎണ്ണൻ ശകുനി മുതലായവരുമായി ആലോചന നടത്തി. വഞ്ചനയല്ലാതെ യാതൊന്നും ഫലിക്കുകയില്ലെന്നു് അവൎക്കു ബോധപ്പെട്ടു. ദുൎയ്യോധനൻ അച്ഛനെ സ്വാധീനപ്പെടുത്തി പാണ്ഡവന്മാരെ വാരണാവതത്തിലേക്കു മാററി പാൎപ്പിക്കുവാൻ ഏൎപ്പാടു ചെയ്തു. അതിന്നായി അവിടെ അവർ പുതിയൊരു കൊട്ടാരം പണിയിപ്പിച്ചു. എളുപ്പത്തിൽ കത്തിയുരുകുന്ന അരക്കു മുതലായവകൊണ്ടായിരുന്നു ആ കെട്ടിടം ഉണ്ടാക്കപ്പെട്ടതു്. ചതി മനസ്സിലാക്കാതെ പാണ്ഡവന്മാർ വലിയച്ഛന്റെ വാക്കിനെ ആദരിച്ചു വാരണാവതത്തിലേക്കു താമസം മാററി. കുറച്ചു നാൾ കഴിഞ്ഞപ്പോഴെക്കും അവർ ദൈവഗത്യാ തങ്ങൾ പാൎത്തിരുന്ന കൊട്ടാരം വെറുമൊരു അരക്കില്ലമാണെന്നു മനസ്സിലാക്കി. ദുൎയ്യോധനൻ എന്തെങ്കിലും അപകടം പ്രവൎത്തിച്ചേക്കുമെന്നു ഭയപ്പെട്ടു് അവർ കൊട്ടാരത്തിനുള്ളിൽനിന്നു ഭൂമി

ക്കടിയിൽക്കൂടി നിൎമ്മിക്കപ്പെട്ടിരുന്ന ഒരു രഹസ്യമാൎഗ്ഗ ത്തിൽക്കൂടി കാട്ടിൽ കടന്നു രക്ഷപ്പെട്ടു. വിവരം ദുൎയ്യോധനൻ അറിഞ്ഞിരുന്നില്ല. അയാഠം ഒളിവിൽ ആളെ അയച്ചു കൊട്ടാരത്തിന്നു തീവെപ്പിച്ചു. കാട്ടിൽ കടന്നു രക്ഷപ്പെട്ട പാണ്ഡവന്മാർ കുറെ നാഠം അങ്ങുമിങ്ങും ചുററിത്തിരിഞ്ഞു. അങ്ങനെയിരിക്കെ പാഞ്ചാലരാജാവിൻെറ മകളെ ഒരു വീരപരീക്ഷ നടത്തി ജയിക്കുന്നവൎക്കു വിവാഹം ചെയ്തുകൊടുക്കുവാൻ തീരുമാനിച്ചിരുന്ന വിവരം പാണ്ഡവന്മാർ അറിഞ്ഞു. ദ്രുപതരാജാവിൻെറ സന്നിധിയിൽ പരീക്ഷയിൽ ജയംനേടാമെന്നു കരുതി അനേകം രാജകുമാരന്മാർ ചെന്നെത്തിയിരുന്നു. അവിടെയുണ്ടായിരുന്ന ഭാരമേറിയ വില്ലെടുത്തു കുലക്കുവാൻ പോലും ആൎക്കും കഴിഞ്ഞില്ല. എന്നാൽ വില്ലാളിവീരനായ അൎജ്ജുനൻ വില്ലെടുത്തു് അമ്പു തൊടുത്തുവിടുകയും ലക്ഷ്യമാക്കിവെച്ചിരുന്ന യന്ത്രത്തെ നിഷ്പ്രയാസം മുറിച്ചിടുകയും ചെയ്തു. അപ്പോഠം മററുള്ള രാജകുമാരന്മാരെല്ലാം ലജ്ജിച്ചു തലതാഴ്ത്തി. ദേവകഠം പുഷ്പവൎഷം ചെയ്തു. അതിന്നിടയിൽ പാഞ്ചാലി വരണമാല്യം അൎജ്ജുനൻെറ കഴുത്തിലണിഞ്ഞു. അങ്ങനെ പാണ്ഡവന്മാരുടെ വിവാഹവും കഴിഞ്ഞു.

സ്വയംവരത്തെപ്പററിയുള്ള വിവരം അറിഞ്ഞപ്പോഴാണു തങ്ങളുടെ ചതിയാൽ പാണ്ഡവന്മാർ നശിച്ചുപോയിട്ടില്ലെന്നു ദുൎയ്യോധനൻ മനസ്സിലാക്കിയതു്. അപ്പോഠം ദുൎയ്യോധനന്നു് അവരോടുണ്ടായിരുന്ന അസൂയ വൎദ്ധിക്കയാണു ചെയ്തതു. എന്നിരുന്നാലും ധൃതരാഷ്ട്രർ അവരെ പകുതിരാജ്യത്തിന്നു് അവകാശികളാക്കി വാഴി

കരവാൻ നിശ്ചയിച്ചു. രാജ്യം ഭാഗിച്ചു് ഇന്ദ്രപ്രസ്ഥം എന്ന നഗരത്തെ തലസ്ഥാനമാക്കി വലിയച്ഛൻ പാണ്ഡവന്മാരെ അവിടെ പാൎപ്പിച്ചു.

ഇന്ദ്രപ്രസ്ഥത്തിൽ മയൻ എന്ന അസുരശില്പിയെക്കൊണ്ടു പാണ്ഡവന്മാർ പുതിയൊരു കൊട്ടാരം പണികഴിപ്പിച്ചു. വെള്ളവും കരയും തമ്മിൽ തിരിച്ചറിവാൻ പാടില്ലാത്തവണ്ണം അത്ര വിശേഷമായിരുന്നു ആ കൊട്ടാരത്തിന്റെ കരകൌശലം. കെട്ടിടം പണിതീൎന്നു കുറച്ചുനാൾ കഴിഞ്ഞപ്പോൾ ദുൎയ്യോധനൻ ആ രാജധാനി ഒന്നു കാണുവാൻ ചെന്നു. സ്ഥലവും ജലവും തിരിച്ചറിയാതെ ദുൎയ്യോധനൻ നടന്നുചെന്നു വെള്ളത്തിൽ ചാടി. അതു കണ്ടു പാഞ്ചാലിയും ചില രാജകുമാരന്മാരും കൈകൊട്ടിച്ചിരിച്ചു. അതറിഞ്ഞു് ദുൎയ്യോധനന്റെ കോപം വൎദ്ധിക്കയും പാണ്ഡവരും കൌരവരും തമ്മിലുള്ള വൈരം മൂൎദ്ധന്യത്തിലെത്തുകയും ചെയ്തു.

പാണ്ഡവന്മാരെ അടിപെടുത്തുവാൻ എപ്പോഴും തരംനോക്കിക്കൊണ്ടിരുന്ന ദുൎയ്യോധനൻ അവരെ പന്തയംവെച്ചുള്ള ഒരു ചൂതുകളിക്കു ക്ഷണിച്ചു. നിഷ്കളങ്കനെങ്കിലും പൌരുഷം തികഞ്ഞ യുധിഷ്ഠിരൻ ക്ഷണം സ്വീകരിച്ചു് കൌരവരോടു ചൂതുകളിക്കാനൊരുമ്പെട്ടു. കള്ളച്ചൂതിൽ വിരുതനായിരുന്ന ശകുനി യുധിഷ്ഠിരനെ വഴിക്കുവഴി തോല്പിച്ചു. രാജ്യവും സേനയും മററും ഓരോന്നോരോന്നായി പന്തയംവെച്ചു പാണ്ഡവന്മാർ തീരെ നശിച്ചു. അവരേയും പാഞ്ചാലിയേയും കൌരവർ കണക്കററു് അവമാനിക്കയും ചെയ്തു. ഒടുവിൽ പാണ്ഡവന്മാർ പന്ത്രണ്ടുകൊല്ലം കാട്ടിൽ പാൎക്കണമെന്നും അതു

കഴിഞ്ഞാൽ ഒരു കൊല്ലം അജ്ഞാതവാസം വരിക്കണമെന്നും നിശ്ചയിച്ച് അവർ ചൂതു് അവസാനിപ്പിച്ചു.

നിശ്ചയമനുസരിച്ചു പാണ്ഡവന്മാർ പാഞ്ചാലിയോടും കുന്തിയോടുംകൂടി കാട്ടിൽ താമസമാക്കി. അവിടേയും കൌരവന്മാർ അവരെ പലപ്രകാരത്തിലും ഉപദ്രവിച്ചുകൊണ്ടിരുന്നു. കാനനവാസം കഴിഞ്ഞപ്പോൾ അവർ വേഷം മാറി വിരാടരാജധാനിയിൽ ഒരു കൊല്ലം കഴിച്ചുകൂട്ടി. ആ അജ്ഞാതവാസത്തിന്നിടയ്ക്കും കൌരവന്മാരുടെ ശല്യമുണ്ടായിരുന്നു. എന്നിട്ടും അവൎക്കു ദോഷമൊന്നും പററിയില്ല. വിരാടരാജാവും സിൽബന്ധികളും പാണ്ഡവന്മാരുടെ ഉററ സ്നേഹിതന്മാരായി. അങ്ങനെയൊരു നേട്ടമാണു് അവൎക്കൊലത്തുണ്ടായതു്.

പ്രതിജ്ഞ പാലിച്ചുകൊണ്ടു പതിമൂന്നുകൊല്ലത്തെ ജീവിതം കഴിച്ചുകൂട്ടി ധൎമ്മപുത്രരും സഹോദരന്മാരും മടങ്ങിവന്നു രാജ്യം തിരികെ കിട്ടണമെന്നാവശ്യപ്പെട്ടു. ദുഷ്ടബുദ്ധിയായ ദുൎയ്യോധനൻ അതിന്നു വഴിപ്പെട്ടില്ല. വലിയൊരു യുദ്ധംതന്നെ വേണ്ടിവരുമെന്നുള്ള ഘട്ടമായി.

---

# 6. ഭാരതയുദ്ധം.

അനേകം മരണങ്ങൾക്കും മററു നാശങ്ങൾക്കും കാരണമാകാനിടയുള്ള ഒരു യുദ്ധം കൂടാതെ കഴിക്കണമെന്നു കരുതി അധൎമ്മഭീരുക്കളായ പാണ്ഡവന്മാർ വളരെ പരിശ്രമിച്ചുനോക്കി. അവർ ഹസ്തിനപുരത്തേയ്ക്കു ഭഗവാൻ ശ്രീകൃഷ്ണനെത്തന്നെ ദൂതനാക്കി അയച്ചു. എന്നിട്ടും ന്യായമായ ഒരു സന്ധിക്കു കൌരവർ വഴിപ്പെട്ടില്ല. ഒടുവിൽ സ്വാതന്ത്ര്യമായി താമസിക്കുവാൻ ഒരു പുരയിടമെങ്കിലും വിട്ടുകൊടുക്കുന്നപക്ഷം തന്റെ സകല അവകാശങ്ങളും ഉപേക്ഷിച്ചു അടങ്ങിപ്പാൎത്തുകൊള്ളാമെന്നു തന്നെ യുധിഷ്ഠിരൻ പറഞ്ഞുനോക്കി. മക്കടമുഷ്ടിക്കാരനായിരുന്ന ദുൎയ്യോധനൻ അതിന്നും സമ്മതിച്ചില്ല. രണ്ടു കൂട്ടരും യുദ്ധത്തിന്നുവേണ്ട ഒരുക്കങ്ങൾചെയ്തു.

എല്ലാവരുടേയും ആചാൎയ്യരായിരുന്ന ഭീഷ്മരും ആയുധവിദ്യയിൽ വിളികൊണ്ട ദ്രോണരും കൎണ്ണൻ, ശല്യൻ മുതലായ മററു യുദ്ധവീരന്മാരും കൌരവരുടെ പക്ഷത്തിൽ ചേൎന്നു യുദ്ധം ചെയ്യാൻ തീൎച്ചയാക്കി. അപ്പോൾ രാജ്യഭാരം ചെയ്തിരുന്നതു കൌരവരാണല്ലൊ എന്നുള്ള വിചാരമാണു് ധൎമ്മവ്രതനായ ഭീഷ്മരെപ്പോലും കൌരവപക്ഷക്കാരനാകാൻ പ്രേരിപ്പിച്ചതു്. കൌരവരുടെ സേനാപംക്തികൾക്കു ഒരു കയ്യുംകണക്കുമില്ലായിരുന്നു. അസംഖ്യം സാമന്തരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ദുൎയ്യോധനനെ സഹായിക്കുവാൻ പടക്കളത്തിലി

റങ്ങി. ധർമ്മത്തിന്നുവേണ്ടി പൊരുതാനുറച്ച പാണ്ഡവന്മാൎക്കാണെങ്കിൽ കാൎയ്യമായ കൂട്ടുകെട്ട ശ്രീകൃഷ്ണന്റേതായിരുന്നു. ദുൎയ്യോധനനോട്ടു മൎയ്യാദ പറയുവാൻ പോയിട്ട അപമാനമേററ അദ്ദേഹം ബന്ധുജനങ്ങൾക്കുവേണ്ടി ഒരു കൈനോക്കാമെന്നുതന്നെ ഏററു. പാണ്ഡവരിൽവെച്ച മുന്തിയ പോരാളി അൎജ്ജുനനായിരുന്നുവല്ലോ. കൃഷ്ണൻ അൎജ്ജുനന്റെ തേരാളിയായി കൂടി. പുറമെനിന്നു പാഞ്ചാലൻ വിരാടൻ എന്നിങ്ങനെ ചുരുക്കം ചില രാജാക്കന്മാരേ പാണ്ഡവന്മാരെ സഹായിക്കുവാനുണ്ടായുള്ളു.

കൌരവപക്ഷത്തിൽ ഭീഷ്മരും പാണ്ഡവന്മാരുടെ ഭാഗത്തു പാഞ്ചാലന്റെ മകനായ ധൃഷ്ടദ്യുമ്നനുമാണു സേനാധിപത്യം വഹിച്ചത്. യുദ്ധം ആരംഭിച്ച ഏറെത്താമസിയാതെതന്നെ ഭീഷ്മൎക്ക് പടക്കളത്തിൽനിന്നു പിന്തിരിയേണ്ടിവന്നു. കാരണം മറുപക്ഷത്ത് ശിഖണ്ഡിയെ കണ്ടതാണ്. പരമാൎത്ഥത്തിൽ ശിഖണ്ഡി ഒരു സ്ത്രീയായിരുന്നു. തന്നോടു പൊരുതുവാൻ ആ ലക്ഷണംകെട്ട സ്ത്രീയെ അൎജ്ജുനൻ എഴുന്നെള്ളിച്ചതു കണ്ടപ്പോൾ സകലരുടേയും ആചാൎയ്യനായ ഭീഷ്മർ യുദ്ധവിമുഖനായി. പെട്ടെന്നു അൎജ്ജുനന്റെ ശരമേററു അദ്ദേഹം നിലംപതിച്ചു. പിന്നീടു സേനാപതിയായത് ദ്രോണരാണ്. അദ്ദേഹം അനേകം ദിവ്യാസ്ത്രങ്ങൾ പ്രയോഗിച്ചും പത്മവ്യൂഹം നിൎമ്മിച്ചും പാണ്ഡവസൈന്യത്തെ തകൎക്കുവാൻ നോക്കി. അൎജ്ജുനന്റെ പുത്രൻ—അച്ഛനെപ്പോലെതന്നെ പോരിൽ അതിവിരുതനായിരുന്ന അഭിമന്യു—ധീരമായി എതിൎത്ത് ദ്രോണാചാൎയ്യർ

ഉണ്ടാക്കിയ പത്മവ്യൂഹത്തെ ഛിന്നഭിന്നമാക്കിക്കളഞ്ഞു. എങ്കിലും ആ ഉദ്യമത്തിൽ അവൻ കൊല്ലപ്പെട്ടു. ഇരുഭാഗത്തും പോരാളികൾ മുറക്കു അന്തരിച്ചുകൊണ്ടിരുന്നു. നാലു ദിവസത്തെ യുദ്ധം കഴിഞ്ഞപ്പോഴെക്കും ദ്രോണൎക്കപകടം പററി. മറുഭാഗത്തുനിന്നു ഭീമസേനൻ അശ്വത്ഥാമാവെന്ന ഗജവീരൻ ചത്തുവീണുവെന്നു വിളിച്ചുപറഞ്ഞു. തന്റെ പുത്രൻ അശ്വത്ഥാമാവായിരിക്കുമോ മരിച്ചതെന്നു സംശയിച്ചു ദ്രോണർ സത്യമറിവാൻ സത്യസന്ധനായ യുധിഷ്ഠിരനോടു ആരാണു് മരിച്ചതെന്നു ചോദിച്ചുനോക്കി. കൃഷ്ണന്റെ ഗൂഢതന്ത്രത്തിന്നു വഴിപ്പെട്ട യുധിഷ്ഠിരൻ അശ്വത്ഥാമാവു തന്നെ എന്നു പറഞ്ഞു. ആനയെന്നുള്ള വാക്കു് ഒട്ടവിൽ പറഞ്ഞതു് താണസ്വരത്തിലായിരുന്നതിനാൽ ദ്രോണർ കേട്ടില്ല. അദ്ദേഹം പ്രിയപുത്രൻ മരിച്ചുവെന്നു കരുതി ദുഃഖാധിക്യത്താൽ ബോധംകെട്ടു വീണു. ആ തക്കത്തിൽ പാണ്ഡവപക്ഷത്തുനിന്നു ധൃഷ്ടദ്യുമ്നൻ ചാടിക്കടന്നെത്തി ദ്രോണരെ ശിരച്ഛേദം ചെയ്തുകളഞ്ഞു. അച്ഛന്റെ മരണത്താൽ ദുഃഖവും കോപവും സഹിക്കാതെ അശ്വത്ഥാമാവു് ഉടനെ സേനാധിപത്യം കൈക്കൊണ്ടു ധൃഷ്ടദ്യുമ്നനോടു പ്രതികാരം ചെയ്യുവാൻ ആഗ്രഹിച്ചിറങ്ങി. എന്നാൽ കൎണ്ണപക്ഷപാതിയായ ദുൎയ്യോധനൻ അതിന്നു സമ്മതിച്ചില്ല. കൎണ്ണനും അശ്വത്ഥാമാവും തമ്മിൽ വാഗ്വാദം കുറെ നടന്നെങ്കിലും കൎണ്ണനാണു് സേനാപതിയായതു്. കൎണ്ണനും താമസിയാതെ അൎജ്ജുനന്റെ ശരത്തിന്നിരയായി. അതിന്നുശേഷം ദുൎയ്യോധനന്റെ പക്ഷക്കാരിൽ തലവന്മാർ ഓരോരുത്ത

രായി സേനാനായകത്വം ഏറെറടുക്കുകയും മുറയ്ക്ക ചത്തു വീഴുകയും ചെയ്തുകൊണ്ടിരുന്നു. അവസാനം ദുൎയ്യോധനനും ഭീമസേനനും തമ്മിൽ ഒരു ഗദായുദ്ധം നടന്നു. അതിൽവെച്ചു ദുൎയ്യോധനനും അടിപ്പെട്ടു.

ഇങ്ങനെ കൌരവപക്ഷം മുഴുവൻ ചത്തൊടുങ്ങിയപ്പോൾ യുദ്ധം അവസാനിച്ചു. രാജ്യം അവകാശികളായ പാണ്ഡവന്മാൎക്കുതന്നെ കൈവശപ്പെട്ടു. അനേകം വീരന്മാരെക്കൊന്ന പാപത്തിന്നു മോചനം കിട്ടുവാൻ വേണ്ടി യുധിഷ്ഠിരൻ അശ്വമേധയാഗവും മററും നടത്തി. അനേകംകാലം ക്ഷേമത്തോടുകൂടി നീതിന്യായങ്ങൾ പാലിച്ചു രാജ്യഭാരം നടത്തുവാൻ ഇങ്ങനെ പാണ്ഡവന്മാൎക്കു സാധിച്ചു.

—:*:—

# 7. ഹരിശ്ചന്ദ്രൻ.

ദേവസഭയിൽവെച്ചു ഒരിയ്ക്കൽ വസിഷ്ഠരും വിശ്വാമിത്രരും തമ്മിൽ ഒരു തൎക്കമുണ്ടായി. ലോകത്തിൽവെച്ചു ഏററവും വലിയ ധൎമ്മിഷ്ഠനും സത്യവാനും ഹരിശ്ചന്ദ്രമഹാരാജാവാണെന്നു വസിഷ്ഠൻ പറഞ്ഞു. വിശ്വാമിത്രൻ അതു സമ്മതിച്ചില്ല. ഒടുവിൽ അതിൻെറ പരമാൎത്ഥം ഒന്നു പരീക്ഷിച്ചുനോക്കാമെന്നു നിശ്ചയിച്ചു രണ്ടുപേരും പിരിഞ്ഞു.

അയോദ്ധ്യയിലെ രാജാവായിരുന്ന ഹരിശ്ചന്ദ്രൻ അക്കാലത്തു തൻെറ ഭാൎയ്യയായ ചന്ദ്രമതിയോടും മകനോ

ട്ടംക്രൂടി ക്ഷേമത്തോടെ പാൎത്തുവന്നു. വിശ്വാമിത്രൻ അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു കുറെ ധനം ദാനമായി കിട്ടണമെന്നാവശ്യപ്പെട്ടു. ഹരിശ്ചന്ദ്രൻ ഉടനെ അതു കൊടുത്തു. എങ്കിലും ആവശ്യം നേരിടുമ്പോൾ വന്നു വാങ്ങിക്കൊള്ളാമെന്നു പറഞ്ഞു വിശ്വാമിത്രൻ അത് രാജാവിനെത്തന്നെ ഏല്പിച്ചുപോയി.

പിന്നെ വിശ്വാമിത്രൻ രണ്ടു കന്യകകളായ ചണ്ഡാലികളെ ഹരിശ്ചന്ദ്രൻെറ അടുക്കലേക്കയച്ചു. അവർ രണ്ടുപേരും രാജാവിൻെറ അടുക്കലെത്തി. തങ്ങളെ വിവാഹം ചെയ്യണമെന്നായിരുന്നു അവരുടെ അപേക്ഷ. അതിന്നു രാജാവു വഴിപ്പെട്ടില്ല. വിവരമറിഞ്ഞു വിശ്വാമിത്രൻ ഹരിശ്ചന്ദ്രനെ ചെന്നുകണ്ടു. ആ പാവപ്പെട്ട സ്ത്രീകളോടു പെരുമാറിയത് വളരെ കഠിനമായിപ്പോയെന്നു മഹൎഷി രാജാവിനെ ശാസിച്ചു. "എൻെറ രാജ്യംതന്നെ ഞാൻ തന്നേക്കാം. എന്നാലും ചണ്ഡാലിയെ വിവാഹം ചെയ്കയില്ലെ"ന്നു ഹരിശ്ചന്ദ്രൻ തീൎത്തുപറഞ്ഞു. ആ വാക്കനുസരിച്ചു രാജ്യം തനിക്കു കിട്ടണമെന്നു മഹൎഷി ശഠിക്കയും സത്യത്തിൽനിന്നു മുടിയിഴക്കുപോലും തെറ്റാത്ത മഹാരാജാവ് രാജ്യം ഉപേക്ഷിച്ചുപോകയും ചെയ്തു.

ഇങ്ങനെ ഉടുത്ത മുണ്ടു മാത്രമായി ഭാൎയ്യയോടും പുത്രനോടുംക്രൂടി പുറത്തിറങ്ങിയ ഹരിശ്ചന്ദ്രനെ മഹൎഷി പിന്നേയും പിടികൂടി. താൻ പണ്ടു കൊടുത്തേല്പിച്ചിരുന്ന ദ്രവ്യം ഉടനെ മടക്കിത്തരണമെന്നു വിശ്വാമിത്രൻ രാജാവിനോടു ആവശ്യപ്പെട്ടു. വേറെ ഏതെങ്കിലുമൊരു നാട്ടിലെത്തിയാൽ തൻെറ ഭാൎയ്യയേയും മകനേയും വി

ററു പണം തരാമെന്നു രാജാവു മറുപടി പറഞ്ഞു. പണം വാങ്ങിവരുവാൻ ശുക്രമഹർഷിയെ വിശ്വാമിത്രൻ ഹരിശ്ചന്ദ്രന്റെ കൂടെ അയച്ചു. നാടുവിട്ട ഹരിശ്ചന്ദ്രനും കൂട്ടരും കാശിനഗരത്തിൽ എത്തിച്ചേൎന്നു. ചന്ദ്രമതിയേയും മകനേയും ഒരാൾക്കു അടിമയായി വിററുകിട്ടിയ പണം രാജാവു് വിശ്വാമിത്രനു കൊടുപ്പാനായി ശുക്രനെ ഏല്പിച്ചു. കിട്ടിയ സംഖ്യ മുതലിനും പലിശക്കും കൂടി മതിയാകയില്ലെന്നായി ശുക്രന്റെ ശാഠ്യം. ഒടുവിൽ മഹാരാജാവു തന്നെത്തന്നെ ഒരു പറയനു വിററു കിട്ടിയ പണംകൂടി കൊടുത്തു ശുക്രനെ തൃപ്തിപ്പെടുത്തി.

ചന്ദ്രമതിയോടൊന്നിച്ചു അടിമയായി പാൎത്തിരുന്ന രാജകുമാരൻ കുറച്ചു മാസങ്ങൾക്കുള്ളിൽ പാമ്പുകടിച്ചു മരിച്ചു. അമ്മ മകന്റെ ശവശരീരവും ചുമന്നു അടുത്തുണ്ടായിരുന്ന ചുടുകാട്ടിലെത്തി. ഹരിശ്ചന്ദ്രനെ വിലക്കു വാങ്ങിയ പറയന്റെ വകയായിരുന്നു ആ ചുടല. അന്നത്തെ ചുടലകാവലിനു പറയൻ നിശ്ചയിച്ചിരുന്നതു ഹരിശ്ചന്ദ്രനെയായിരുന്നു. തന്റെ കുട്ടിയാണു് മരിച്ചതെന്നും ആ കുട്ടിയുടെ ശവം കൊണ്ടുവന്നതു തന്റെ ഭാൎയ്യയാണെന്നും മനസ്സിലാവുകയാൽ വളരെ ദുഃഖം തോന്നിയെങ്കിലും ഹരിശ്ചന്ദ്രൻ തന്റെ യജമാനനു നിശ്ചയമനുസരിച്ചുള്ള പണം കിട്ടായ്കയാൽ ചുടലയിൽവെച്ചു ശവം ചുടുവാൻ അനുവദിച്ചില്ല. ചന്ദ്രമതി നിസ്സഹായയായി. അവൾ പറയന്റെ പക്കൽചെന്നു ആവലാതിപ്പെട്ടുവെങ്കിലും ഫലമുണ്ടായില്ല. ഗതികെട്ടപ്പോൾ അവൾ അവളുടെ യജമാനന്റെ പക്കൽനിന്നു പണം വാങ്ങിക്കൊണ്ടുവരാമെന്നുവെച്ചു തിരിച്ചുപോയി. വഴി

ക്ക് മറെറാരാപത്ത്. കാശിരാജാവിൻെറ മകനെ കള്ളന്മാർ കൊലചെയ്തു് വഴിയിലിട്ടിരുന്നു. ആരെന്നറിയാൻ ശവത്തിന്നരികെ ചെന്നുനോക്കിയ ചന്ദ്രമതിയെ രാജസേവകന്മാർ പിടികൂടി. അവർ അവളെ രാജസന്നിധിയിൽ ഹാജരാക്കി. രാജകുമാരനെ കൊന്നതു ചന്ദ്രമതിയാണെന്നായി വാദം. തെളിവുകളൊക്കെ തന്നിക്കു പ്രതികൂലമായി കണ്ടതിനാൽ ചന്ദ്രമതി കുററം ഏറെറടുക്കേണ്ടിവന്നു. അവൾ വധശിക്ഷക്കു വിധിക്കപ്പെട്ടു.

ചന്ദ്രമതിയെ രാജകിങ്കരന്മാർ കൊല്ലാൻ കൊണ്ടു ചെന്നതു് പറയൻെറ ചുടലയിലേക്കായിരുന്നു. തൻെറ ഭാര്യയുടെ ഘാതകനായിത്തീരുവാൻ ഹരിശ്ചന്ദ്രൻ നിർബ്ബന്ധിതനായി. എന്തായാലും തൻെറ ചുമതല നിറവേററണമല്ലോ എന്നു കരുതി ഹരിശ്ചന്ദ്രൻ ചന്ദ്രമതിയെ വെട്ടാൻ വാളോങ്ങി. ഇതുയുമായപ്പോൾ വിശ്വാമിത്രമഹർഷിക്കു ലോകത്തിൽവെച്ച് ഏററവും വലിയ സത്യസന്ധൻ ഹരിശ്ചന്ദ്രൻ തന്നെയാണെന്നു ബോധപ്പെട്ടു. അദ്ദേഹവും മററനേകം ദേവന്മാരും ചുടുകാട്ടിൽ പ്രത്യക്ഷരായി. മരിച്ച കുട്ടിയെ അവർ ദിവ്യശക്തി കൊണ്ടുയപ്പിച്ചു. രാജ്യവും മററു സമ്പത്തുകളുമെല്ലാം അവർ ഹരിശ്ചന്ദ്രമഹാരാജാവിന്നുതന്നെ വിട്ടുകൊടുത്തു. അദ്ദേഹം വീണ്ടും അയോദ്ധ്യയിൽ മടങ്ങിയെത്തി രാജ്യഭാരം ചെയ്തു.

---

# 8. സത്യവാനും സാവിത്രിയും.

പണ്ടു മദ്രയിൽ അശ്വപതിയെന്നൊരു രാജാവു വാണിരുന്നു. മക്കളില്ലാതിരുന്നതിനാൽ അദ്ദേഹം പല പുണ്യകൎമ്മങ്ങളും ചെയ്തു. ഒടുവിൽ സാവിത്രീദേവിയെ ഭജിച്ചു തപസ്സുചെയ്തതിന്റെ ഫലമായി അദ്ദേഹത്തിന്നു ഒരു പുത്രി ജനിച്ചു. അച്ഛനമ്മമാർ ആ കുട്ടിക്കു പേർ വിളിച്ചതു് സാവിത്രിയെന്നുതന്നെയായിരുന്നു.

ശീലഗുണവും സൌന്ദൎയ്യവും തികഞ്ഞ ആ കുട്ടി അച്ഛനമ്മമാരുടെ കണ്ണിലുണ്ണിയായി വളൎന്നുവന്നു. അവളുടെ ഏതാഗ്രഹവും സാധിപ്പിക്കുവാൻ മാതാപിതാക്കൾ ഒരുക്കമായിരുന്നു. കുട്ടിയുടെ ബാല്യകാലം കഴിഞ്ഞപ്പോൾ അവർ മകളെ വിവാഹം ചെയ്തുകൊടുപ്പാൻ വരനെ അന്വേഷിച്ചു. കാട്ടിൽ മഹൎഷിമാരുടെ ആശ്രമത്തിൽവെച്ചു് കണ്ടു പരിചയപ്പെട്ടിരുന്ന സത്യവാൻ എന്ന രാജകുമാരനെ തനിക്കു ഭൎത്താവാക്കണമെന്നുള്ള ആഗ്രഹം കുമാരി മാതാപിതാക്കന്മാരെ അറിയിച്ചു. അവരതിന്നു തടസ്ഥം പറഞ്ഞില്ല.

എന്നാൽ അടുത്തുതന്നെ നാരദമഹൎഷി ഒരിക്കൽ രാജാവിന്റെ കൊട്ടാരത്തിൽ വരികയുണ്ടായി. രാജ്യം നഷ്ടപ്പെട്ടും അന്ധനായും കാട്ടിൽ താമസിക്കുന്ന ദ്യുമത്സേനന്റെ മകന്നു സാവിത്രിയെ വിവാഹംചെയ്തുകൊടുപ്പാൻ നിശ്ചയിച്ചിരുന്ന വിവരം അശ്വപതി നാരദനെ അറിയിച്ചു. നാരദന്നു അതു ഒട്ടുംതന്നെ രസിച്ചില്ല. എന്നുതന്നെയല്ല രാജകുമാരനായ സത്യവാൻ അന്നു

മുതൽ ഒരു കൊല്ലംകൂടിയേ ജീവിച്ചിരിക്കയുള്ളു എന്നു കൂടി ദിവ്യദൃഷ്ടിയുള്ള മഹർഷി അവരെ മനസ്സിലാക്കി. ഇതുകേട്ടു പരിഭ്രമിച്ചു രാജാവും പത്നിയും മകളെ ആ വിവാഹത്തിൽനിന്നു മുടക്കുവാൻ ശ്രമിച്ചു. മനസ്സുകൊണ്ടു സത്യവാനെ ഭർത്താവായി വരിച്ചുവെന്നും മാറി വേറൊരാളെ വേൾക്കുകയുണ്ടാകയില്ലെന്നും സാവിത്രി ഉറപ്പുപറഞ്ഞു. പുത്രിയോടുള്ള അതിരററ വാത്സല്യംനിമിത്തം അച്ഛനമ്മമാർ ഒടുവിൽ സമ്മതിക്കയും സാവിത്രിയെ സത്യവാൻതന്നെ പരിണയിക്കയും ചെയ്തു.

രാജകുമാരി ഭർത്താവൊന്നിച്ചു കാട്ടിൽ താമസമാക്കി. ആഴ്ചകളും മാസങ്ങളും കടന്നുപോയി. കൊല്ലം ഒന്നു തികയാറായി. സത്യവാൻെറ മരണത്തെപ്പററിയുള്ള ഭയം കുമാരിയുടെ മനസ്സിനെ സദാ അലട്ടിക്കൊണ്ടിരുന്നു. അതിനാൽ പോകുന്നിടത്തെല്ലാം സാവിത്രി നിഴലെന്നപോലെ ഭർത്താവിൻെറ പിന്നിൽ കൂടി.

ഒരുദിവസം വിറകു വെട്ടുവാൻ സത്യവാൻ കാട്ടിലേക്കു പോയി. സാവിത്രിയും കൂടെയുണ്ടായിരുന്നു. പെട്ടെന്നു രാജകുമാരൻ മോഹാലസ്യപ്പെട്ടു താഴെ വീണു. ഭർത്താവിൻെറ ബോധം ഉണരുവാനായി സാവിത്രി കഴിയുന്നത്ര ശ്രമിച്ചുനോക്കി. ഫലമുണ്ടായില്ല. അപ്പോഴേക്കും യമൻ കയ്യിൽ ഒരു കയറുമായി അവിടെ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തോടവൾ ആഗമനത്തിൻെറ കാരണം എന്തെന്നു ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു:

"പ്രിയപ്പെട്ട മകളേ, നിൻെറ ഭർത്താവായ സത്യവാൻെറ ആയുഷ്കാലം ഇന്നത്തോടെ അവസാനിച്ചിരി

ക്കുന്നു. ഞാൻ വന്നിരിക്കുന്നതു അവന്റെ ജീവനെ കൊണ്ടുപോകാനാണ്".

സാവിത്രി അമ്പരന്നു. ഏതായാലും തന്നെക്കൂടി കൊണ്ടുപോകണമെന്നു പറഞ്ഞു സാവിത്രി കാലന്റെ പിന്നാലെ കൂടി. എന്തു പറഞ്ഞിട്ടും അവൾ പിന്തിരിഞ്ഞില്ല. ഭർത്താവൊന്നിച്ചു പോകണമെന്നുള്ള നിർബ്ബന്ധത്തോടുകൂടി അവൾ കാടും മലയും കയറിയിറങ്ങി കഷ്ടപ്പെടുന്നതു കണ്ടപ്പോൾ യമന്റെ മനസ്സലിഞ്ഞു. അദ്ദേഹം അവൾ മടങ്ങിപ്പോയി അച്ഛനമ്മമാരൊന്നിച്ചു താമസിക്കാമെന്നേററാൽ അവൾക്കൊരു വരംകൊടുക്കാമെന്നായി. ഈ തക്കത്തിൽ അവൾ അന്ധരായ മാതാപിതാക്കൾക്കു് കാഴ്ചയുണ്ടാക്കികൊടുക്കണമെന്നും നഷ്ടപ്പെട്ട രാജ്യം തിരികെ കൊടുപ്പിക്കണമെന്നും യമനോടപേക്ഷിച്ചു. ഉടനടി അതു സാധിപ്പിച്ചുകൊടുക്കാമെന്നു യമനേററു. എന്നിട്ടും അവൾ മടങ്ങിപ്പോയില്ല. അവളുടെ അനുഗമനംകൊണ്ടുള്ള ശല്യം ഒഴിയാതെ കണ്ടപ്പോൾ വീണ്ടും യമൻ വരംകൊടുക്കാനൊരുങ്ങി.

"എനിക്കു നൂറു പുത്രന്മാരുണ്ടാകേണമെ" എന്നായിരുന്നു അവളുടെ അപ്പോഴത്തെ അപേക്ഷ. അതും യമൻ ഒട്ടും സംശയിക്കാതെ നിറവേററാമെന്നായി. എന്നാൽ ഭർത്താവു മരിച്ചുപോയ അവൾക്കു എങ്ങനെ പുത്രന്മാരുണ്ടാകും എന്ന സംഗതി കാലൻ അത്ര ഓർത്തില്ല. സാവിത്രി ആ കാര്യം ഓർമ്മയിൽപെടുത്തിയപ്പോൾ ധർമ്മരാജാവായ അദ്ദേഹത്തിന്നു സത്യവാന്റെ ജീവൻ തിരികെ കൊടുക്കുകയല്ലാതെ വേറെ ഗതിയില്ലാതായി.

താൻ കൊടുത്ത വരം നിഷ്ഫലമാകാതിരിപ്പാൻ സൂക്ഷി ക്കേണ്ടതു് അദ്ദേഹത്തിന്റെ ചുമതലയായിരുന്നല്ലോ.

കാലന്റെ പക്കൽനിന്നു മടക്കികിട്ടിയ ഭർത്താവി നോടും കാഴ്ച തെളിഞ്ഞുകിട്ടിയ മാതാപിതാക്കളോടും കൂടി അവൾക്കു് നാട്ടിൽ മടങ്ങിച്ചെന്നു ഭർത്താവിനെ രാജാവാക്കി വാഴിപ്പാൻ കഴിഞ്ഞു.

—:*:—

# 9. നളനും ദമയന്തിയും.

പണ്ടു വിദർഭത്തിലെ രാജാവായിരുന്ന ഭീമന്നു ദമ യന്തിയെന്നൊരു മകളുണ്ടായി. അവളുടെ സൌന്ദര്യ ത്തേയും സൌശീല്യത്തേയും പററിയുള്ള കേൾവി ഭാര തത്തിൽ മുഴവൻ പരന്നു. അനേകം രാജകുമാരന്മാരും ഇന്ദ്രൻ വരുണൻ മുതലായ ദിക്പാലന്മാരും കലി ദ്വാ പരൻ തുടങ്ങിയവരും ആ കന്യകയെ വിവാഹംചെയ്വാ നാഗ്രഹിച്ചു. എന്നാൽ നിഷധരാജ്യത്തെ വീരസേന രാജാവിന്റെ മകനായിരുന്ന നളനെ ഭർത്താവാക്കി വരി ക്കണമെന്നായിരുന്നു ആ കന്യക ഉറച്ചിരുന്നതു്.

രാജകുമാരിയുടെ സ്വയംവരത്തിനു് മുഹൂത്തം നിശ്ച യിക്കപ്പെട്ടു. തന്നെ തന്നെ ആ സുന്ദരി ഭർത്താവാക്കമെ ന്നു മോഹിച്ചു അനേകം യുവാക്കന്മാർ വിവാഹമണ്ഡപ ത്തിൽ എത്തിക്കൂടി. ദമയന്തി മററെല്ലാവരേയും അവ ഗണിച്ചു നളനെ മാലയിട്ടു. നിരാശരായിത്തീന്ന മററു രാജകുമാരന്മാൎക്കെല്ലാം നളനോടു അസൂയയും പകയുമു

ണ്ടായി. അവർ ആ ഭാൎയ്യാഭൎത്താക്കന്മാരെ കഴിയുന്നത്ര ഉപദ്രവിക്കുവാൻ വട്ടംകൂട്ടി.

കലിയും ദ്വാപരനുംകൂടി നളന്റെ ഒരു അനുജനായിരുന്ന പുഷ്കരനെ സ്വാധീനമാക്കി. പുഷ്കരൻ നളമഹാരാജാവിനെ ചൂതിന്നു വിളിച്ചു. അദ്ദേഹം രാജധൎമ്മം അനുസരിച്ചു കളിക്കുവാൻ തയ്യാറായി. ചൂതുതുടങ്ങി ഏറെത്താമസിയാതെ നളനെ കലി ബാധിച്ചു; പുഷ്കരൻ കളിയിൽ കളവു കാണിപ്പാനും തുടങ്ങി. രാജാവിന്നു അടിക്കടി തോൽവി പിണഞ്ഞു. പൊന്നും പണവും ചതുരംഗസേനയും ഓരോന്നായി പന്തയംവെച്ചു ഒടുവിൽ രാജ്യവും രാജധാനിപോലും നളമഹാരാജാവിന്നു നഷ്ടപ്പെട്ടു. അങ്ങനെ രാജ്ഞിയും താനുംകൂടി കാട്ടുകയറുകയല്ലാതെ വേറെ ഗതിയില്ലെന്നായി.

വിശപ്പും ദാഹവും നിമിത്തം വാടിത്തളൎന്നു കാട്ടിൽ വലയുന്ന ഭാൎയ്യയോടു അച്ഛന്റെ കൊട്ടാരത്തിൽ ചെന്നു പാൎക്കുവാൻ നളൻ ഉപദേശിച്ചുനോക്കി. ഭൎത്താവിന്റെ സന്നിധി സ്വൎഗ്ഗമായി കരുതിയിരുന്ന ആ പതിവ്രത അതിന്നു വഴിപ്പെട്ടില്ല. ഒടുവിൽ നളൻ ദമയന്തിയെ തനിയെ വിട്ടു ഒളിച്ചോടിപ്പോയി. എന്നാലെങ്കിലും ആ സുശീല അച്ഛന്റെ കൊട്ടാരത്തിൽ ചെന്നെത്തിക്കൊള്ളുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. പക്ഷെ അവരാകട്ടെ വഴിയിൽ അസംഖ്യം കഷ്ടതകൾ അനുഭവിച്ചും വളരെ ദുഃഖം സഹിച്ചും ചേദിരാജധാനിയിൽ ചെന്നു പെട്ടുകയും അവിടത്തെ ദാസിയായി പാൎക്കയുമാണുണ്ടായതു്.

മകൾക്കും ഭർത്താവിനും നേരിട്ട കാലക്കേടുകൾ കേട്ടുകേൾപ്പിച്ചു വിദർഭരാജധാനിയിലെത്തി. ഭീമരാജാവു മകളേയും ജാമാതാവിനേയും തിരഞ്ഞു പല ദിക്കുകളിലേക്കും ആളുകളെ അയച്ചു. അവർ ചേദിരാജ്യത്തു പാർത്തിരുന്ന ദമയന്തിയെ തിരിച്ചറിഞ്ഞു വിദർഭത്തിൽ കൊണ്ടുചെന്നു. മകളുടെ നിർബന്ധം നിമിത്തം ഭീമൻ നളനെ അന്വേഷിപ്പാൻ മുമ്പത്തെക്കാളധികം ആളുകളെ നിയോഗിച്ചയച്ചു.

നളൻ കാട്ടിൽ അലഞ്ഞുതിരിയുമ്പോൾ തീയിൽ കിടന്നു ദഹിക്കുന്ന ഒരു സർപ്പത്തെ കണ്ടു. അതിനെ രക്ഷിപ്പാനുള്ള ശ്രമത്തിൽ നളനു സർപ്പത്തിന്റെ കടിയേല്ക്കുകയും വിഷബാധ ശമിച്ചുവെങ്കിലും ദേഹത്തിന്റെ വർണ്ണത്തിനു മാററം സംഭവിക്കയും ചെയ്തു. ഭക്ഷണത്തിനു വഴിയില്ലാതെ നടന്നുതിരിഞ്ഞു ഒടുവിൽ അദ്ദേഹം ബാഹുകൻ എന്ന പേരും ധരിച്ചു അയോദ്ധ്യാരാജാവിന്റെ കൊട്ടാരത്തിൽ ചെന്നെത്തി. തേരോടിക്കുന്നതിൽ നളമഹാരാജാവിനുണ്ടായിരുന്ന സാമർത്ഥ്യം അസാധാരണമായിരുന്നു. അയോദ്ധ്യയിലെ ഋതുപർണ്ണരാജാവു ബാഹുകനെ തേരാളിയാക്കി നിശ്ചയിച്ചു.

വിദർഭത്തിൽനിന്നു നളനെത്തേടി പുറപ്പെട്ട ദൂതന്മാർ അയോദ്ധ്യയിലെത്തി. അവരിൽ ചിലക്കു ബാഹുകന്റെ സംസാരവും പെരുമാററവും കണ്ടു നളനായിരിക്കുമോ അയാളെന്നു സംശയം തോന്നി. വിവരം അവർ ഭീമരാജാവിനെ അറിയിച്ചു.

അച്ഛനും മകളും കൂടി ആലോചിച്ചു ദമയന്തിക്കു രണ്ടാംസ്വയംവരമുണ്ടെന്നൊരു വർത്തമാനം അയോദ്ധ്യ

യിലെത്തിച്ചു; വിവാഹത്തിൽ സംബന്ധിക്കുവാൻ പി റേന്നുതന്നെ വിദർഭത്തിൽ എത്തിച്ചേരണമെന്നു അ വർ ഋതുപർണ്ണനോടു അപേക്ഷിക്കയും ചെയ്തു. സുന്ദരിയാ യ ദമയന്തിയെ ഭാൎയ്യയായി കിട്ടുവാൻ ആഗ്രഹിച്ചിരുന്ന ഋതുപർണ്ണൻ തേരാളിയായ ബാഹുകനോടു, തന്നെ വി ദർഭത്തിൽ കൃത്യസമയത്തു് എത്തിച്ചുതരണമെന്നാവ ശ്യപ്പെട്ടു. അതുപ്രകാരം സൂതവിദ്യയിൽ അതിസമൎത്ഥ നായിരുന്ന ബാഹുകൻെറ തേരിൽ കയറി അയോദ്ധ്യാ രാജാവു വിദർഭത്തിലേക്കു പുറപ്പെട്ടു.

രഥത്തിൻെറ വേഗം കണ്ടു ഋതുപർണ്ണന്നു് അത്ഭുതം തോന്നി. അദ്ദേഹം ബാഹുകനോടു് അശ്വഹൃദയവിദ്യ തനിക്കുപദേശിച്ചുതരണമെന്നാവശ്യപ്പെട്ടു. അതിന്നു പകരമായി അദ്ദേഹം അക്ഷഹൃദയവിദ്യ തേരാളിക്കും ഉപദേശിച്ചുകൊടുത്തു.

അയോദ്ധ്യയിൽനിന്നു ഒരു ദിവസംകൊണ്ടു തേ രിൽ യാത്രചെയ്തു ഋതുപർണ്ണൻ വിദർഭത്തിലെത്തിച്ചേൎന്ന തു കണ്ടപ്പോഠം തേരാളി നളനല്ലാതെ മററാരുമായിരി ക്കയില്ലെന്നു ദമയന്തി തീർച്ചയാക്കി. ബാഹുകനെ നേ രിട്ടു കണ്ടു സംസാരിച്ചതോടെ അവരുടെ സംശയമെല്ലാം തീൎന്നു.

അക്ഷവിദ്യ ഗ്രഹിച്ചുകഴിഞ്ഞതു മുതൽ കലിയുടെ ചതിപ്രയോഗങ്ങളൊന്നും നളനോടു ഫലിക്കാതെയാ യി. അദ്ദേഹം വിദർഭരാജാവിൻെറ സഹായത്തോടുകൂടി പുഷ്കരനെ നാട്ടിൽനിന്നോടിച്ചു രാജ്യം വീണ്ടെടുത്തു. ദമയന്തീനളന്മാർ വളരെക്കാലം ക്ഷേമത്തോടുകൂടി ജീ വിച്ചിരുന്നു.

# 10. ബാലനായ അലക്സാണ്ടർ.

യൂറോപ്പിന്റെ തെക്കുകിഴക്കെ അററത്തായി ഇപ്പോഴുള്ള ഗ്രീസും അതിന്റെ അയൽപ്രദേശങ്ങളുംകൂടി പണ്ട മാസിഡോണിയ എന്ന ഒരു രാജ്യമായിരുന്നു. അവിടത്തെ രാജാവായിരുന്ന ഫിലിപ്പ് എന്ന ദേഹത്തിന്നു് അലക്സാണ്ടർ എന്ന ഒരു മകനുണ്ടായി. ബാലനായിരിക്കുമ്പോഠംതന്നെ അവന്റെ ധൈയ്യവും ബുദ്ധിശക്തിയും തെളിഞ്ഞുകണ്ടു.

ഒരിക്കൽ ഒരാഠം കൊട്ടാരത്തിലേക്കു ഒരു കുതിരയെ വില്ക്കുവാൻ കൊണ്ടുചെന്നു. ഗംഭീരനായ ആ കുതിരയെ അടക്കിമെരുക്കുവാൻ വിഷമമാണെന്നു് രാജാവു മനസ്സിലാക്കി. കുതിര നല്ലതാണെന്നഭിപ്രായപ്പെട്ടുവെങ്കിലും അതിനെ വാങ്ങുവാൻ ഫിലിപ്പ് തെയ്യാറായില്ല.

അച്ഛന്റെ അടുക്കൽ നിന്നിരുന്ന അലക്സാണ്ടറിന്നു കുതിരയെ നല്ലവണ്ണം ബോധ്യമായി. അതിനെ വാങ്ങിക്കണമെന്നു കുട്ടി അച്ഛനോടു അപേക്ഷിച്ചു. "വാങ്ങിത്തന്നാൽ അതിനെ അടക്കി കൊണ്ടുനടക്കുവാൻ നിന്നെക്കൊണ്ടാകുമൊ" എന്നായി അച്ഛൻ. അലക്സാണ്ടർ ശങ്കകൂടാതെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചു തിരിച്ചുനിറുത്തി അതിന്റെ പുറത്തു കയറി. തങ്ങഠംക്കു മെരുക്കുവാൻ സാധ്യമല്ലാതിരുന്ന മൃഗത്തെ ബാലനായിരുന്ന അലക്സാണ്ടർ ക്ഷണത്തിൽ സ്വാധീനമാക്കിയതു കണ്ടു് രാജാവും കുതിരക്കാരനും അത്ഭുതപ്പെട്ടു. എങ്ങനെയാണു് അതു സാധിച്ചതെന്നു രാജാവു് മകനോട

നോക്കിച്ചു. "കുതിര അതിൻെറ നിഴൽ കണ്ടു ഭയപ്പെട്ടിട്ടാണു വിറളിപിടിച്ചിരുന്നതു്. സൂര്യന്നഭിമുഖമാക്കി തിരിച്ചുനിറുത്തിയപ്പോൾ നിഴൽ പിന്നിലായിരുന്നതുകൊണ്ടു് അതു പരിഭ്രമിച്ചില്ല. മടക്കം തിരിഞ്ഞപ്പോൾ അതിൻെറ നിഴൽ ആ മൃഗം കാണാത്തവിധം ഞാൻ കടിഞ്ഞാൺ വലിച്ചുപിടിച്ചു" എന്നു ബാലൻ സമാധാനം പറഞ്ഞു. ആ കുതിരയെ ഉടനെ വാങ്ങി രാജാവു് തൻെറ പുത്രനു സമ്മാനിച്ചുവെന്നു പറയേണ്ടതില്ലല്ലോ.

മകൻെറ ബുദ്ധിഗുണവും ഭയമില്ലാത്ത സ്വഭാവവും കണ്ടു ഫിലിപ്പു് സന്തോഷത്താൽ മതിമറന്നു. "മകനേ, നിൻെറ ഭരണസാമർത്ഥ്യം കാണിപ്പാൻ എൻെറ മാസിഡോണിയയുടെ വലിപ്പം പോരാ" എന്നുപോലും അദ്ദേഹം പറഞ്ഞുപോയി. കാലാന്തരത്തിൽ അതു പരമാർത്ഥമായി പരിണമിച്ചു. മഹാനായ അലക്സാണ്ടർ ചക്രവർത്തിയായിത്തീൎന്നു് അധികം താമസിയാതെ ലോകം മുഴുവൻ പിടിച്ചടക്കി. "ഇനിയെനിക്കു കീഴടക്കുവാൻ രാജ്യമൊന്നുമില്ലല്ലോ" എന്നദ്ദേഹം വിലപിച്ചതായിപോലും കേട്ടിട്ടുണ്ടു്.

———

# 11. ചിററൂർ കോട്ടയിലെ മഹാബലി.

പണ്ടുകാലത്ത് വടക്കെ ഇന്ത്യയിൽ അനേകം ഹിന്ദുരാജാക്കന്മാർ ഭരണം നടത്തിയിട്ടുണ്ട്. അവരിൽവെച്ച് വീൎയ്യപരാക്രമങ്ങൾക്കു ഏററവും കേളികേട്ട ഒരു വംശക്കാരായിരുന്നു മീവാറിലെ രജപുത്രരാജാക്കന്മാർ. ഏകദേശം 600 കൊല്ലങ്ങൾക്കു മുമ്പ് മീവാറിന്റെ തലസ്ഥാനമായിരുന്ന ചിററൂരിൽ ഭീമസിംഹനെന്നൊരു രാജാവു വാണിരുന്നു. അദ്ദേഹത്തിന്റെ പത്നിയായിരുന്നു പത്മിനി. അവരുടെ സൌന്ദൎയ്യത്തെപ്പററിയുള്ള കേൾവി നാടൊട്ടുക്കു പരന്നു. അന്നത്തെ ഡെൽഹി ചക്രവൎത്തിയായിരുന്ന അലാവുദീനു പത്മിനിയെ ഏതുവിധമെങ്കിലും തട്ടിക്കൊണ്ടുപോയി ഭാൎയ്യയാക്കണമെന്നു മോഹം ജനിച്ചു. അദ്ദേഹം വലിയൊരു സൈന്യത്തോടുകൂടി ചെന്നു ചിററൂർ കോട്ട വളഞ്ഞു.

സൈന്യത്തിന്റെ പെരുപ്പത്തിൽ അലാവുദീനോടു കിടനില്ക്കുവാൻ ഭീമസിംഹനു സാധിച്ചില്ല. എന്നാൽ ഉള്ള സൈന്യങ്ങളെയെല്ലാം ഒന്നിച്ചുകൂട്ടി ആ ക്ഷത്രിയവീരൻ ധീരതയോടെ പൊരുതിനിന്നു. മാസങ്ങൾ പലതു കഴിഞ്ഞു. എന്നിട്ടും കോട്ട കൈവശപ്പെടുകയൊ ഭീമസിംഹൻ കീഴടങ്ങുകയൊ ഉണ്ടായില്ല. ഒടുവിൽ അലാവുദീൻ ഒരു സൂത്രം പ്രയോഗിച്ചു. സന്ധിക്കാണെന്നുള്ള ഭാവത്തിൽ അദ്ദേഹം ഭീമസിംഹനോട

ടുത്തു. അങ്ങനെ ആ രജപുത്രസിംഹത്തെ ചതിയിൽ അവൻ തടവുകാരനാക്കി പിടിച്ചു.

മീവാറിൻെറ നിലക്ക് അതുകൊണ്ടൊന്നും ഇളക്കം തട്ടിയില്ല. സൈന്യങ്ങളുടെ നായകസ്ഥാനം ഉടനെ ഘോരസിംഹൻ ഏറെറടുത്തു. കോട്ട കൈവശപ്പെടുത്താനുള്ള അലാവുദീൻെറ ശ്രമം പിന്നെയും മുറക്കു നടന്നുകൊണ്ടിരുന്നു. രജപുത്രസൈന്യങ്ങളാകട്ടെ തങ്ങളുടെ രാജാവിനെ ശത്രുപാളയത്തിൽനിന്നു രക്ഷപ്പെടുത്താനും ശ്രമിച്ചു. അങ്ങനെയിരിക്കെ ഘോരസിംഹന് അലാവുദീൻെറ ഒരു സന്ദേശം കിട്ടി. പത്മിനിയെ വിട്ടുകൊടുക്കുന്നപക്ഷം യുദ്ധം നിറുത്തിവെച്ച് പടക്കളത്തിൽനിന്നു പിന്തിരിക്കാമെന്നും അല്ലാത്തപക്ഷം ഭീമസിംഹനെ ഉടനെ കൊന്നുകളയുമെന്നുമായിരുന്നു അദ്ദേഹം അവരെ അറിയിച്ചതു്. ഭർത്താവിനെ രക്ഷിക്കേണ്ടതു് എങ്ങനെയെന്നുള്ള ഒരേ വിചാരത്തിൽ മുഴുകിയിരുന്ന പത്മിനിക്കു പരിഭ്രമമായി. അവർ ഒരു സൂത്രം പ്രയോഗിക്കാനുറച്ചു.

ഘോരസിംഹനോടും മററും ആലോചിച്ച് അവരും അലാവുദീൻെറ അടുക്കലേക്ക് ഒരു ദൂതനെ വിട്ടു. രാജ്ഞി അലാവുദീൻെറ ഇഷ്ടത്തിന്ന് ഇണങ്ങുന്നുവെന്നും മീവാറിൻെറയും ഡെൽഹി ചക്രവർത്തിയുടേയും സ്ഥിതിക്കു യോജിക്കുന്ന തോഴിമാരോടുകൂടി പത്മിനി അടുത്ത ദിവസം മുഹമ്മദീയരുടെ പാളയത്തിൽ എത്താൻ നിശ്ചയിച്ചിരിക്കുന്നുവെന്നും ദൂതന്മാർ അലാവുദീനെ അറിയിച്ചു.

ചക്രവർത്തിയും പരിജനങ്ങളും സന്തോഷംകൊണ്ടു മതിമറന്നു. ആട്ടവും പാട്ടും പാളയത്തിലെങ്ങും മുഴ

ങ്ങി. നിശ്ചയിക്കപ്പെട്ട സമയത്ത് പള്ളിമേനാവിൽ മീവാറിലെ രാജ്ഞി പത്തമ്പതു വേറെ പല്ലക്കുകളിൽ തോഴിമാരുമായി മുഹമ്മദീയരുടെ പാളയത്തിലെത്തി. ഉടനെ ഓരോ പല്ലക്കിൽനിന്ന് സ്ത്രീവേഷം ധരിച്ച നന്നാലു രജപുത്രവീരന്മാർ ആയുധങ്ങളുമേന്തി പുറത്തു ചാടി. അവർ കയ്യിൽ കിട്ടിയ ശത്രുഭടന്മാരെയെല്ലാം കൊന്നൊടുക്കി; തടവുമുറി വെട്ടിപ്പൊളിച്ചു ഭീമസിംഹനെ പുറത്തു കടത്തി; വിജയകോലാഹലത്തോടെ മടങ്ങി കോട്ടക്കകത്തു കടന്നു രക്ഷപ്പെടുകയും ചെയ്തു.

ഈ സംഭവം അലാവുദീനു ഓക്കാപ്പുറത്ത് ഒരടി കൊണ്ടതുപോലെ തോന്നി. അദ്ദേഹത്തിൻെറ കോപം മുമ്പെത്തേതിലിരട്ടിയായി. എന്തുതന്നെ നഷ്ടം സംഭവിച്ചാലും സുന്ദരിയായ പത്മിനിയെ കൈവശപ്പെടുത്തിയല്ലാതെ അടങ്ങുകയില്ലെന്നദ്ദേഹം ശപഥം ചെയ്തു. സ്വാധീനത്തിലുള്ള സൈന്യത്തെ മുഴുവൻ ചക്രവത്തി ഒന്നിച്ചുകൂട്ടി. ചിററൂർ കോട്ട ഇടിച്ചു തകക്കുവാൻ അദ്ദേഹം പടയാളികളോടു കല്പിച്ചു. അവർ രണ്ടാഴ്ചയോളം ഭഗീരഥപ്രയത്നം ചെയ്തു കോട്ടയുടെ ഭിത്തിയിൽ ഒരു ദ്വാരമുണ്ടാക്കി. അവിടെവെച്ചു ഡെൽഹി ചക്രവത്തിയുടെ വമ്പിച്ച സൈന്യവും മീവാറിലെ പടയാളികളും തമ്മിൽ ഏററുമുട്ടി യുദ്ധം തുടങ്ങി. അലാവുദീൻെറ സേനകൾ ആയിരക്കണക്കിനു ചത്തൊടുങ്ങി. രജപുത്രസൈന്യത്തിൻെറ സംഖ്യയും കുറേശ്ശയായി കുറഞ്ഞുകൊണ്ടിരുന്നു. ആ ക്ഷത്രിയവീരന്മാരുടെ അസാധാരണമായ ശൌയ്യം കൊണ്ടാകട്ടെ ഭീമസിംഹൻെറ യുദ്ധകൌശലം കൊണ്ടാകട്ടെ ഫലമൊന്നുമുണ്ടായില്ല. വൃ

ഢൻതൊട്ടു ബാലൻവരെ എല്ലാവരും ആയുധമെടുത്തു പടക്കളത്തിൽ തടിച്ചുകൂടി. നിമിഷംതോറും പെരുകിപ്പെരുകിവന്ന മുഹമ്മദീയസൈന്യത്തെ ഇനി അധികനേരം തടുത്തു നില്ക്കുവാൻ സാധിക്കയില്ലെന്നു തീൎച്ചയായി. പത്മിനി കോട്ടയ്ക്കകത്തുണ്ടായിരുന്ന സ്ത്രീകളെയെല്ലാം വിളിച്ചുകൂട്ടി കാൎയ്യങ്ങളുടെ നില അവരെ അറിയിച്ചു. മാനംകെട്ടു മുഹമ്മദീയരോടൊന്നിച്ചു ജീവിക്കുന്നതൊ ധീരതയോടെ മരിക്കുന്നതോ ഏതാണു് ഭേദമെന്നു അവൾ അവരോടു അഭിപ്രായം ചോദിച്ചു. കുറച്ചു നേരത്തെ ആലോചനക്കുശേഷം സ്ത്രീകളെല്ലാംകൂടി ഒരു കാൎയ്യം തീരുമാനപ്പെടുത്തി.

കോട്ടയ്ക്കകത്തുണ്ടായിരുന്ന വിറകു മുഴുവൻ ഓരോരുത്തരായി കൊണ്ടുവന്നു ഒരിടത്തുകൂട്ടി. അതിൽ എണ്ണയും നെയ്യും പകൎന്നു തീക്കൊളുത്തി അവർ വലിയൊരു അഗ്നികുണ്ഡമുണ്ടാക്കി. കുളിച്ചു ശുഭ്രവസ്ത്രം ധരിച്ചു ചുവന്ന പുഷ്പങ്ങളെക്കൊണ്ടുള്ള മാലയുമണിഞ്ഞു സ്ത്രീകളെല്ലാം ശിശുക്കളേയുംകൊണ്ടു തീക്കുണ്ഡത്തിന്നു ചുററും കൂടി. ഓരോ സ്ത്രീയും ശിശുക്കളെ മാറിലടക്കിപ്പിടിച്ചു തീയിനെ വലംവെച്ചു് സന്തോഷത്തോടുകൂടി ചിതയിൽ ചാടി.

ക്ഷത്രിയരെ മുഴുവൻ കൊന്നൊടുക്കി വിജയകോലാഹലത്തോടെ കോട്ടയ്ക്കകത്തു കടന്നപ്പോൾ അലാവുദീന്നു പത്മിനിയെ കാണ്മാൻ കഴിഞ്ഞില്ല. പകരം അയാൾ കണ്ടതു വലിയൊരു ഭസ്മകുണ്ഡം മാത്രമായിരുന്നു.

# 12. ചാന്ദ്ബീബി.

വിജയപുരം രാജാവിന്റെ ഭാൎയ്യയും അഹമ്മദ്നഗരം രാജാവിന്റെ മകളുമായിരുന്നു ചാന്ദ്ബീബി. ധൈൎയ്യവും സൌന്ദൎയ്യവുംകൊണ്ടു അവൾ കീൎത്തിപ്പെട്ടിരുന്നു. ചെറുപ്പംമുതൽക്കുതന്നെ രാജ്യകാൎയ്യങ്ങൾ ആലോചിക്കുമ്പോൾ കേട്ടിരിക്കാൻ അവൾക്കു വലിയ സന്തോഷമായിരുന്നു. കുതിരപ്പുറത്തു കയറി സവാരി ചെയ്യാൻകൂടി അവൾ പഠിക്കയുണ്ടായി. ഇൻഡ്യയിൽ അന്നുണ്ടായിരുന്ന പല ഭാഷകളും അവൾക്ക് അറിയാമായിരുന്നു. ചിത്രമെഴുത്തു സംഗീതം മുതലായ കലാവിദ്യകൾ അവൾ നല്ലപോലെ വശമാക്കി. പ്രായപൂൎത്തി വന്നപ്പോൾ അവൾ വിജയപുരത്തെ രാജാവിനെ വിവാഹം ചെയ്തു.

വിജയപുരത്തെ രാജാവു വലിയ പരാക്രമിയായിരുന്നു. തെക്കെ ഇൻഡ്യയിലെ പല ഹിന്ദുരാജാക്കന്മാരെയും അദ്ദേഹം കീഴ്പ്പെടുത്തിയിട്ടുണ്ട്. യുദ്ധത്തിൽ അദ്ദേഹം പിടിച്ചു തടവുകാരാക്കിയ രാജാക്കന്മാരെയും രാജകുമാരിമാരെയും നല്ലവാക്കു പറഞ്ഞു ആശ്വസിപ്പിക്കുവാൻ ചാന്ദ്ബീബി ഉത്സാഹിച്ചിരുന്നു. കുറെക്കാലം ബീബിയും ഭൎത്താവും സുഖമായി കഴിഞ്ഞുകൂടി. അപ്പോഴെക്കും അവൾക്ക് ഭാഗ്യക്കേടു പിണഞ്ഞു. ഭൎത്താവായ അലി അഡിൽഷാ പെട്ടെന്നു മരിച്ചുപോയി.

അടുത്ത രാജ്യാവകാശി അഡിൽഷായുടെ മരുമകനായ ഇബ്രാഹിം ആയിരുന്നു. കുട്ടിയായിരുന്നതിനാൽ

ഇബ്രാഹിമിന്ന് രാജ്യഭാരം ഏറ്റെടുക്കുവാൻ കഴിഞ്ഞി ല്ല. ബീബിതന്നെ ഭരണം നടത്തി.

കുറെനാൾ കഴിഞ്ഞിൽ ദുഷ്ടബുദ്ധിയായ ഒരു മന്ത്രി അധികാരം കൈക്കലാക്കുവാൻവേണ്ടി ബീബിയെ തട വുകാരിയാക്കി. എന്നാൽ ആ മന്ത്രി താമസിയാതെ ഒരു ശത്രുവിനാൽ കൊല്ലപ്പെട്ടുപോയി. എന്നിട്ടും റാണിക്കു തടവിൽനിന്നു മോചനം കിട്ടിയില്ല. എക്ലാസ്ഖാൻ എന്നൊരാളായി വിജയപുരത്ത് പിന്നത്തെ അധി കാരി. അയാൾ രാജ്യം നിലനിർത്താൻ പോരാത്തവനാ യിരുന്നു. അതുകൊണ്ടു ശത്രുക്കൾ എളുപ്പത്തിൽ വിജ യപുരം ആക്രമിച്ചു. ആ ഘട്ടത്തിൽ ചാന്ദ്ബീബി തടവിൽനിന്നു ചാടി ഒരു വലിയ സൈന്യത്തേയുംകൊ ണ്ടു വിജയപുരത്തെത്തി. യുദ്ധത്തിൽവെച്ചു ശത്രുക്കൾ തോററു തൊപ്പിയിട്ടു. പക്ഷെ, റാണിക്കു അപ്പോഴും ഗതികേടാണുണ്ടായത്. മറെറാരു ദുർബ്ബുദ്ധിയായ ഉ ദ്യോഗസ്ഥൻ റാണിയെ ഭ്രഷ്ടയാക്കുകയും എക്ലാസ്ഖാ ൻെറ കണ്ണു കുത്തിക്കളകയും ചെയ്തു.

കുറച്ചുനാൾ കഴിഞ്ഞു ചാന്ദ്ബീബി വീണ്ടും വിജ യപുരത്തു പ്രവേശിച്ചു. ഇബ്രാഹിമിന്ന് പ്രായം തിക ഞ്ഞപ്പോൾ അവൾ രാജ്യഭാരം അദ്ദേഹത്തിനു നൽകി. അനന്തരം അവൾ സ്വന്തം നാട്ടിൽ പോയി താമസമാ ക്കി. അഹമ്മദ്നഗരത്തിൽ അക്കാലത്തു വഴക്കു മൂത്തിരു ന്നു. അതിനാൽ അധികം വൈകാതെ ചാന്ദ്ബീബി വിജയപുരത്തേക്കു മടങ്ങിപ്പോന്നു. പിന്നെ വളരെക്കാ ലം രാജ്യഭരണത്തിൽ ഇബ്രാഹിമിനെ സഹായിച്ചുകൊ ണ്ടാണ് അവൾ കഴിച്ചുകൂട്ടിയത്.

അങ്ങനെയിരിക്കെ അഹമ്മദ്നഗരത്തിൽ രാജ്യാവകാശത്തെപ്പററി വലിയ തക്കം ഉത്ഭവിച്ചു. ആ ലാക്കിൽ അഹമ്മദ്നഗരം ആക്രമിച്ചു കീഴ്പ്പെടുത്താൻ മുഗൾചക്രവർത്തിയായ അക്ബർ വട്ടംകൂട്ടി. ആപത്തിൽനിന്നു സ്വരാജ്യത്തെ രക്ഷിക്കാൻ ചാന്ദ്ബീബി വിജയപുരത്തുനിന്നു ഒരു വലിയ സൈന്യവുമായി പുറപ്പെട്ടു. മുകിലന്മാർ പല തന്ത്രങ്ങളും പ്രയോഗിച്ചുനോക്കി. ഒന്നിലും ബീബി പെട്ടില്ല. എന്നിരുന്നാലും മത്സരത്തിൽ പൂൎണ്ണമായ വിജയം കിട്ടുവാൻ തരമില്ലെന്നു അവൾ മനസ്സിലാക്കി. ഒടുവിൽ ബീഹാർ മാത്രം മുകിലന്മാൎക്കു കൊടുത്തു അവൾ സന്ധിയുണ്ടാക്കി. അതിന്നുശേഷം വളരെക്കാലത്തേക്കു അഹമ്മദ്നഗരത്തിൽ സമാധാനം നിലനിന്നു.

ബീബിയുടെ ഒരുററ സേവകൻതന്നെയാണു അവൾക്കു അവസാനത്തിൽ കൊടിയ ശത്രുവായിത്തീൎന്നതു. ഹമീദ്ഖാൻ എന്ന ആ ദുഷ്ടൻ ഒരു വഞ്ചനകൊണ്ടു ബീബിയെ സ്വാധീനിച്ചു നിൎദ്ദയം വെട്ടിക്കൊന്നു. മരണസമയത്തും ചാന്ദ്ബീബി ധൈൎയ്യമാണു കാണിച്ചതു്. താൻ ചെയ്യേണ്ടതൊക്കെ ചെയ്തുവെന്നും തനിക്കു വ്യസനിക്കാൻ കാരണമില്ലെന്നും ആയിരുന്നു അവളുടെ അവസാനത്തെ വാക്കുകൾ.

ചാന്ദ്ബീബിയുടെ സ്വരാജ്യസ്നേഹവും രാജ്യഭരണനൈപുണ്യവും ആണു അവളുടെ കീൎത്തിക്കു അടിസ്ഥാനമെന്നു അറിഞ്ഞിരിക്കേണ്ടതാണു്.

# 13. ശിവാജിയും രാമദാസസ്വാമികളും.

---

മഹാരാഷ്ട്രന്മാരുടെ രാജാവായിരുന്ന ശിവാജി ശിവാനരദുർഗ്ഗത്തിലാണു ജനിച്ചതു്. അദ്ദേഹത്തിന്റെ പിതാവിന്റെ പേർ ഷാജിയെന്നും മാതാവിന്റെ പേർ ജീജാഭായി എന്നുമായിരുന്നു. ശിവാജിയെ പ്രസവിക്കുന്നതിന്നു മുമ്പു തന്നെ ജീജയെ ഷാജി അവരുടെ പിതാവിന്റെ വീട്ടിലേക്കയച്ചു. അതുകൊണ്ടാണു ശിവാജി ശിവാനരത്തിൽ ജനിച്ചു വളരാൻ ഇടയായതു്.

ബാലനായിരുന്ന ശിവാജിയെ പഠിപ്പിക്കുവാൻ അവർ ദാദോജി എന്ന ഒരു ബ്രാഹ്മണനെ ഏല്പിച്ചുതി. തന്റെ ശിഷ്യൻ ഒരു യോദ്ധാവായി വളരുമെന്നു് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു. അക്കാലത്തു് അമ്മ പറഞ്ഞുകൊടുത്തിരുന്ന പുരാണകഥകൾ കേൾക്കുവാൻ ശിവാജി വലിയ താല്പര്യം കാണിച്ചു. പുരാണങ്ങളിൽ പറയുന്നവരെപ്പോലെ തനിക്കും ഒരു വീരനാകണമെന്നായിരുന്നു കുട്ടിക്കു ചെറുപ്പം മുതൽക്കുണ്ടായിരുന്ന ആഗ്രഹം.

പഠിപ്പു കഴിഞ്ഞതിന്നുശേഷം ശിവാജി മഹാരാഷ്ട്രദേശം ആകെ ഒന്നു ചുററിനടന്നു നോക്കി. അവിടത്തെ ഹിന്ദുക്കളായ ഇടപ്രഭുക്കന്മാർ തമ്മിൽ എപ്പോഴും വഴക്കടിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു മുസൽമാൻമാരുടെ ശക്തി വർദ്ധിച്ചും ഹിന്ദുക്കളുടെ ബലം ക്ഷയിച്ചും വന്നു. ഈ സ്ഥിതി കണ്ടു ശിവാജിക്കു വലിയ കണ്ഠിതമുണ്ടാ

യി. ബലവത്തായ ഒരു ഹിന്തുരാജ്യം ഉണ്ടാകേണ്ടതു് അത്യാവശ്യമാണെന്നു അദ്ദേഹത്തിന്നു തോന്നി.

ചിന്നിച്ചിതറിയിരുന്ന കുറെ പടയാളികളെ ചേത്തു് ഒരു ചെറിയ സൈന്യം ശിവാജിയുണ്ടാക്കി. അടുത്തുണ്ടായിരുന്ന തോരണദുൎഗ്ഗം എന്ന കോട്ട അവർ ആക്രമിച്ചു കൈവശപ്പെടുത്തി.

സൈന്യങ്ങളൊന്നിച്ചു പോകുമ്പോൾ ഏതാപകടത്തിലും ആദ്യം ചെന്നു തലയിടുക ശിവാജിതന്നെയായിരുന്നു. എന്നു മാത്രമല്ല വിഷമത്തിൽപെട്ട പടയാളികളോടും പാവങ്ങളോടും അദ്ദേഹം വളരെ അനുകമ്പ കാണിച്ചുവന്നു. അതുകൊണ്ടു സേനകളെല്ലാം അദ്ദേഹത്തെ വളരെ സ്നേഹിക്കയും ആവശ്യം നേരിട്ടാൽ അയാൾക്കു വേണ്ടി എന്തും പ്രവൎത്തിക്കാൻ തെയ്യാറാകയും ചെയ്തു.

അക്കാലത്തു ശിവാജിയുമായി പരിചയപ്പെട്ട ഒരു സന്യാസിയായിരുന്നു രാമദാസ സ്വാമികൾ. ശിവാജിക്കു് അദ്ദേഹത്തോടു വലിയ ഭക്തിയും സ്നേഹവും തോന്നി. ഏതു കാൎയ്യത്തിലും അദ്ദേഹത്തോടാലോചിക്കാതെ ശിവാജി യാതൊന്നും ചെയ്തിരുന്നില്ല. സന്യാസിയാകട്ടെ ശിവാജിയുടെ രാജ്യസ്നേഹവും മററു ഗുണങ്ങളും കണ്ടു വളരെ സന്തോഷിച്ചു. എന്തു ബുദ്ധിമുട്ടു സഹിച്ചും ശിവാജിക്കു വേണ്ട സഹായങ്ങൾ ചെയ്വാൻ അദ്ദേഹം ഒരുക്കമായിരുന്നു.

തോരണദുൎഗ്ഗം ഉറച്ചു കൈവശം കിട്ടിയപ്പോൾ തന്റെ രാജ്യം കുറേശ്ശയായി വലുതാക്കുവാൻ ശിവാജി രാജാവു ശ്രമിച്ചു. അടുത്തുണ്ടായിരുന്ന ബീജാപുരം സുൽത്താന്റെ വക രാജ്യങ്ങളിൽ കടന്നു അദ്ദേഹം ആക്ര

മണം തുടങ്ങി. സുൽത്താൻ ശിവാജിയെ അമൎത്തുവാൻ തീൎച്ചയാക്കി. അബ്സുൽഖാൻ എന്ന പടത്തലവൻെറ കീഴിൽ അദ്ദേഹം ഒരു വലിയ സൈന്യത്തെ ശിവാജിയുടെ നേൎക്കയച്ചു. അബ്സുൽഖാൻ വളരെ ശ്രമിച്ചിട്ടും ആ "കാട്ടെലി"യെ കീഴടക്കുവാൻ കഴിഞ്ഞില്ല. ഒടുവിൽ അദ്ദേഹം ചതി പ്രയോഗിക്കുവാൻ തന്നെ തീൎച്ചപ്പെടുത്തി. സന്ധിയ്ക്കാണെന്നു പറഞ്ഞു അദ്ദേഹം ഒരു കൂടിക്കാഴ്ചക്കു ശിവാജിയെ ക്ഷണിച്ചു. ചതി മനസ്സിലാക്കിയ ശിവാജി ആലിംഗനം ചെയ്യുന്ന ഭാവത്തിൽ "പുലിനഖം" കുത്തിയിറക്കി അബ്സുൽഖാനെ കൊന്നു.



ശിവാജി.

ഇതിനിടക്കു ശിവാജിയെപ്പററിയുള്ള കേൾവി ഇൻഡ്യയിലൊട്ടുക്കു പരന്നു. ഡെൽഹിയിലെ ചക്രവൎത്തിയായിരുന്ന അറംഗസീബുപോലും ശിവാജിയുടെ വളൎന്നുവരുന്ന ശക്തിയെ ഭയപ്പെട്ടു. അദ്ദേഹവും സൈന്യങ്ങളെ അയച്ചു ശിവാജിയെ കീഴമൎത്തുവാൻ പലതവണ ശ്രമിച്ചുനോക്കി. അതുകൊണ്ടും ഫലമൊന്നുമുണ്ടായില്ല.

പെട്ടെന്നു വലുതായിവന്ന ആ ചെറുപ്പക്കാരനെ രാജാവായി കരുതുവാൻ മഹാരാഷ്ട്രന്മാരിൽ അനേകം പേർ കൂട്ടാക്കിയില്ല. ശിവാജിയുടെ ഉററബന്ധുവായിരുന്ന രാമദാസസ്വാമികൾക്കു ജനങ്ങളുടെ ഈ നില കണ്ടു വളരെ വ്യസനമുണ്ടായി. അദ്ദേഹം ഇൻഡ്യയുടെ പല ഭാഗങ്ങളിൽനിന്നും ഹിന്തുസന്യാസികളെ വരുത്തി. ശിവാജിയുടെ ധൈര്യം ദൈവഭക്തി മുതലായ ഗുണങ്ങളെ സ്വാമികൾ അവക്കു ബോദ്ധ്യമാക്കിക്കൊടുത്തു. അവരെല്ലാവരുംകൂടി മഹാരാഷ്ട്രത്തിൻെറ ചക്രവത്തിയായി ശിവാജിയെ അഭിഷേകം ചെയ്തു

—:*:—

## 14. ബൊഡേഷ്യ.

അനേകം നൂററാണ്ടുകൾക്കു മുമ്പു ഇംഗ്ലണ്ടുരാജ്യം റോമൻചക്രവത്തിമാർ പിടിച്ചടക്കി. അവർ ഇംഗ്ലണ്ടിലെ ജനങ്ങളോടു പല ക്രൂരതകളും കാണിച്ചിരുന്നു. അങ്ങനെയുള്ള ഭരണത്തിൽനിന്നു ഒഴിഞ്ഞുകിട്ടുവാൻ ഇംഗ്ലീഷുകാർ വളരെ ശ്രമിച്ചുനോക്കി. എന്നിട്ടും സാധിക്കാതെ കഷ്ടപ്പെടുന്ന കാലം.

അക്കാലത്തൊരിക്കൽ ഇംഗ്ലണ്ടിലെ ഒരു പ്രഭു മരിക്കാറായി കിടന്നു. അദ്ദേഹം തനിക്കുണ്ടായിരുന്ന സ്വത്തിൽ നേർപകുതി റോമാക്കാക്കും ബാക്കിയുള്ളതു് തൻെറ ഭാര്യക്കും മക്കൾക്കുമായി എഴുതിവെച്ചു. മുതലിൽ വലിയൊരു ഭാഗം റോമാക്കാക്കു കൊടുത്തില്ലെങ്കിൽ ഭാര്യയേയും കുട്ടികളേയും അവർ കഷ്ടപ്പെടുത്തുമെന്നു ആ

പ്രഭുവിന്നു അറിയാമായിരുന്നു. അങ്ങനെയൊക്കെ ചെയ്തിട്ടും അദ്ദേഹം മരിച്ചപ്പോൾ സ്വത്തു മുഴുവൻ ചക്രവർത്തിയുടെ ആൾക്കാർ തട്ടിയെടുത്തു. ഭാൎയ്യയ്ക്കാകട്ടെ കുട്ടികൾക്കാകട്ടെ ഒരു പൈപോലും അവർ കൊടുത്തില്ല.

ആ പ്രഭുവിൻെറ ഭാൎയ്യയ്ക്കു ബൊഡേഷ്യയെന്നായിരുന്നു പേർ. അവർ റോമാചക്രവർത്തിയുടെ അടുക്കൽ ചെന്നു സങ്കടം പറഞ്ഞു. ആവലാതിപ്പെട്ടു ചെന്ന ആ സ്ത്രീയെ പിടിച്ചുകെട്ടി അടിപ്പിക്കയാണു ചക്രവർത്തി ചെയ്തതു. അതു കണ്ടു സങ്കടപ്പെട്ടു ചെന്ന പ്രഭുകുമാരന്മാരെയും അദ്ദേഹം അടിപ്പിച്ചു വിട്ടു.

ബൊഡേഷ്യ റോമാക്കാരുടെ ക്രൂരതയെക്കുറിച്ചു നാട്ടനീളെ പറഞ്ഞറിയിച്ചു ഇംഗ്ലീഷുകാരെയെല്ലാം ഇളക്കി. കഴിയുന്നവേഗത്തിൽ റോമാക്കാരെ ഇംഗ്ലണ്ടിൽനിന്നകററുവാൻ ശ്രമിക്കേണ്ടതാണെന്നു മിക്ക ജനങ്ങൾക്കും ബോധ്യമായി. ബൊഡേഷ്യ റോമാക്കാരുടെ അഴിമതികൾക്കു പ്രതികാരം ചെയ്യുവാൻ ലാക്കുനോക്കിനിന്നു. രഹസ്യമായി ഒരു സൈന്യത്തെ ശേഖരിക്കുവാൻ അവൾക്കു കഴിഞ്ഞു. അങ്ങനെയിരിക്കെ റോമാക്കാർ ഇംഗ്ലണ്ടിൻെറ ഒരു ഭാഗമായ വെയിൽസിൽ യുദ്ധത്തിനിറങ്ങി. സൈന്യമെല്ലാം വെയിൽസിൽ ചെന്നുകൂടി. ആ തക്കത്തിൽ ബൊഡേഷ്യ തൻെറ സൈന്യവുമായി ചെന്നു ലണ്ടൻ നഗരം കൈവശപ്പെടുത്തി. അവളുടെ ധീരതയേയും ദേശാഭിമാനത്തേയും ആളുകൾ പുകഴ്ത്തി.

വെയിൽസിലെ യുദ്ധം കഴിഞ്ഞപ്പോൾ റോമൻ സേനാധിപൻ ലണ്ടനിലെത്തി ബൊഡേഷ്യയുടെ സൈന്യത്തോടെതിൎത്തു. കുറെ നാൾ ബൊഡേഷ്യയു

ടെ ഭടന്മാർ വീറോടെ പൊരുതിനിന്നു. ബൊാഡേഷ്യ യുടെ പുത്രന്മാർ രണ്ടുപേരും യുദ്ധത്തിൽ മരിച്ചുപോയി. ബൊാഡേഷ്യ സ്വന്തം രക്ഷയ്ക്കുവേണ്ടി കാട്ടിൽ കടന്നു ഒളിച്ചിരുന്നു. പിന്നീടു വൈരംമൂത്ത റോമാക്കാർ തന്നെ പിടികൂടുമെന്നായപ്പോൾ അവൾ വിഷം കുടിച്ചു അന്ത രിക്കയാണുണ്ടായതു്.

അടിമത്തം അനുഭവിക്കുന്ന രാജ്യങ്ങൾക്കു സ്വാത ന്ത്ര്യം കിട്ടണമെങ്കിൽ ഇങ്ങനെ ചില നരബലികൾ കൂടിയേ കഴിയൂ.

---

## 15. ആൾഫ്റഡും അപ്പവും.

---

ഇംഗ്ലണ്ടിലെ മഹാനായ ഒരു രാജാവായിരുന്നു ആൾഫ്രഡ്. ആൾഫ്രഡിന്റെ അമ്മ അദ്ദേഹം കുട്ടി യായിരുന്നപ്പോൾതന്നെ മരിച്ചുപോയി. അതിനാൽ പിതാവിന്റെ പ്രത്യേക രക്ഷയിലാണു് അദ്ദേഹം വള ൎന്നുവന്നതു്.

ആൾഫ്രഡ് 22 വയസ്സായപ്പോഴേക്കും ഇംഗ്ലണ്ടി ലെ രാജാവായി. അക്കാലത്തു ഡെയിൻകാർ എന്നു് ഒരുകൂട്ടർ ഇംഗ്ലണ്ടിനെ ഇടവിടാതെ ആക്രമിച്ചിരുന്നു. ആ ശത്രുക്കളിൽനിന്നു തന്റെ രാജ്യത്തെ രക്ഷിക്കുവാൻ ആൾഫ്രഡ് വളരെ ബുദ്ധിമുട്ടിയിട്ടുണ്ടു്. ഒരിക്കൽ അ ദ്ദേഹം ഗതികെട്ടു് ഒളിച്ചോടിപ്പോയി. അങ്ങുമിങ്ങും ചുററിനടന്നു് ഒരു ദിവസം അദ്ദേഹം ഒരു ആട്ടിടയന്റെ വീട്ടിൽ അഭയം പ്രാപിച്ചു. ഇടയനും ഭാൎയ്യയും അദ്ദേ ഹത്തിനു താമസിക്കുവാൻ ഇടംനല്കി. രാജാവായ ആൾ

ഫ്രെഡാണു തങ്ങളുടെ വീട്ടിൽ വന്നതെന്നു് അവർ മനസ്സിലാക്കിയില്ല.

ഇടയൻെറ കുടിലിൽ താമസിച്ചുകൊണ്ടിരിക്കെ ആൽഫ്രെഡിനു് ഒരു അബദ്ധം പിണഞ്ഞു. ഇടയൻെറ ഭാര്യക്കു് അപ്പം ഉണ്ടാക്കുന്നതിനിടയിൽ വേറെ ഏതോ ജോലിക്കു പെട്ടെന്നു പോകേണ്ടിവന്നു. അപ്പോൾ അപ്പം കരിയാതെ ചുട്ടെടുക്കുവാൻ അവൾ ആൽഫ്രെഡിനെ ചുമതലപ്പെടുത്തി. അദ്ദേഹമാണെങ്കിൽ എല്ലായ്പോഴും തൻെറ രാജ്യം രക്ഷിക്കേണ്ടതു് എങ്ങിനെ എന്നു് ആലോചിച്ചു വിഷമിക്കുകയായിരുന്നു. അതുകൊണ്ടു് അപ്പം കരിഞ്ഞ കഥ അദ്ദേഹം അറിഞ്ഞതേ ഇല്ല. ഇടച്ചി മടങ്ങിവന്നപ്പോൾ അപ്പം എല്ലാം കരിഞ്ഞതു കണ്ടു. അവൾ വല്ലാതെ കോപിച്ചു് ആൽഫ്രെഡിനോടു തട്ടിക്കേറി. അദ്ദേഹം യാതൊന്നും പറഞ്ഞില്ല.

കുറച്ചു നേരം കഴിഞ്ഞപ്പോൾ ഇടയനും കുറെ ആളുകളും കുടിലിൽ എത്തി. അവർ ആൽഫ്രെഡിനെ അന്വേഷിച്ചാണു വന്നതു്. രാജാവു് അവിടെ ഉണ്ടെന്നു് അവർ എങ്ങനേയോ ഗ്രഹിച്ചിരുന്നു. തൻെറ അതിഥി ഇംഗ്ലണ്ടിലെ രാജാവാണെന്നു് അറിഞ്ഞപ്പോൾ ഇടയൻെറ ഭാര്യക്കു പരിഭ്രമമായി. എന്നാൽ ആൽഫ്രെഡിനു് അവളോടു യാതൊരു രസക്കേടും തോന്നിയില്ല.

ആൽഫ്രെഡ് തൻെറ ആൾക്കാരൊന്നിച്ചു മടങ്ങിപ്പോയി ശത്രുക്കളെ അടിച്ചോടിച്ചു വീണ്ടും സിംഹാസനം കൈയ്യിലാക്കി. വളരെക്കാലം അദ്ദേഹം ഭംഗിയായി രാജ്യഭാരം ചെയ്തു.

# 16. റോബർട്ട്ബ്രൂസ്.

ഇംഗ്ലണ്ടിൻെറ വടക്കഭാഗത്തു സ്കോട്ട്ലണ്ട് എന്നൊരു രാജ്യമുണ്ട്. റോബെട്ട്ബ്രൂസ് എന്ന രാജാവു് പണ്ടു കാലത്തു് ആ രാജ്യം ഭരിച്ചിരുന്നു. അദ്ദേഹത്തിൻെറ ഭരണകാലത്തു ജനങ്ങളെല്ലാം വളരെ ക്ഷേമത്തോടെ ജീവിച്ചുപോന്നു. അങ്ങനെയിരിക്കെ ശത്രുക്കൾ സ്കോട്ട്ലൻറ് രാജ്യം ആക്രമിച്ചു. റോബെട്ട് സൈന്യങ്ങളുമായി ചെന്നു ശത്രുക്കളോട് എതിരിട്ടു. പക്ഷെ ഫലമൊന്നുമുണ്ടായില്ല. പലതവണ എതിർത്തിട്ടും അദ്ദേഹത്തിന്നു തോററു പിന്മാറേണ്ടതായിട്ടാണു വന്നതു്.

ജീവരക്ഷക്കുവേണ്ടി അദ്ദേഹം കാട്ടിൽ കയറി ഒളിച്ചുപാർത്തു. മേലിൽ വേണ്ട കാര്യത്തെപ്പററി ഓരോന്നാലോചിച്ചുകൊണ്ടു് അദ്ദേഹം ഒരു ഗുഹയിൽ കിടക്കുകയായിരുന്നു. അപ്പോഴുണ്ടു് ഒരെട്ടുകാലി വലകെട്ടുവാൻ ശ്രമിക്കുന്നു. അതു നൂലിൻെറ ഒരു തല ഒരിടത്തു് ഉറപ്പിച്ചു. മറേറ അററം കൊണ്ടുചെന്നുറപ്പിക്കുവാൻ അതു കുറച്ചകലെ ഒരു സ്ഥലത്തേക്കു ചാടിനോക്കി. ആ ചാട്ടംകൊണ്ടു് ഉന്നിയദിക്കിൽ എത്തുവാൻ അതിന്നു സാധിച്ചില്ല. പിന്നെയും ആ ജീവി ചാടിനോക്കി. ഫലപ്പെട്ടില്ല; അങ്ങനെ ഏഴെട്ടുവട്ടം ശ്രമിച്ചിട്ടും കാര്യം നടന്നില്ല. എന്നിട്ടും അതു് ഉദ്യമം നിറുത്തുകയല്ല ചെയ്തതു്. പിന്നത്തെ പ്രാവശ്യം ആ ജീവി അതിൻെറ സകല ശക്തിയും എടുത്തു് ഒരു ചാട്ടംചാടി. അത്തവണ കരുതിയ ദിക്കിൽ അതു ചെന്നെത്തി. ഈ സംഗതികളെല്ലാം റോബെട്ട്ബ്രൂസ് ഉററുനോക്കിക്കൊണ്ടിരുന്നു.

രാജാവ് കിടന്ന കിടപ്പിൽനിന്നു ചാടിയെഴുന്നേററു. അദ്ദേഹം പറഞ്ഞു: "കൊള്ളാം. കരുതിയ കാൎയ്യം സാധിച്ചല്ലാതെ ഞാൻ പിന്മാറുകയില്ല. പലതവണ



റോബർട്ട് ബ്രൂസും എട്ടുകാലിയും.

തോററുവെങ്കിലും ഒടുവിൽ ആ ജീവിക്കു ജയം കിട്ടി. അതുപോലെ ഞാനും ശ്രമിച്ചുനോക്കും."

അദ്ദേഹം നാട്ടിൽ മടങ്ങിച്ചെന്നു്, ചിതറിപ്പോയിരുന്ന സൈന്യത്തെയെല്ലാം വീണ്ടും വിളിച്ചുകൂട്ടി. ഉള്ള ശക്തി മുഴുവൻ ഒന്നിച്ചുചേൎത്തു് ഭടന്മാർ പെട്ടെന്നു ശത്രുക്കളുടെ നേൎക്കു ചാടിവീണു. പണ്ടത്തേക്കാൾ ഇരട്ടി ധീരതയോടെ അത്തവണ അവർ യുദ്ധം ചെയ്തു. എതിരാളികളുടെ സൈന്യത്തെ തീരെ തോല്പിച്ചു റോബെട്ട് രാജ്യം കൈക്കലാക്കി.

# 17. തിരുമലദേവൻ.

കൊച്ചിപട്ടണത്തിൽ കൊങ്കിണികഠ (കൊങ്ങി ണികഠ) വളരെയുണ്ടല്ലോ. കൊങ്കണം എന്ന നാട്ടിൽ നിന്നു വന്നു പാൎത്തവരായതുകൊണ്ടാണു അവരെ കൊ ങ്കിണികഠ എന്നു പറഞ്ഞുവരുന്നതു. കൊച്ചിയിലെ തിരുമലക്ഷേത്രം അവരുടെ വകയാണു. ആ ക്ഷേത്ര ത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ദേവനെപ്പററി രസകരമായ ഒരു കഥയുണ്ടു്.

പണ്ടു വിദ്യാനഗരം എന്ന പട്ടണത്തിൽ വളരെ ദരിദ്രയായിരുന്ന ഒരു സ്ത്രീ പാൎത്തിരുന്നു. അവർ ദാരി ദ്ര്യം കുറഞ്ഞുകിട്ടുവാൻവേണ്ടി നിത്യവും ക്ഷേത്രത്തിൽ പോയി ദൎശനം നടത്തിവന്നു. ഒരിക്കൽ അവർ നാഴി പാൽ കൊണ്ടുചെന്നു ദേവന്നു നിവേദ്യം കഴിച്ചു. ആ നിവേദ്യം വിററുകിട്ടിയ പണംകൊണ്ടു അവർ അരി വാങ്ങി. വീട്ടിലെത്തിയപ്പോഠ അരി മുഴുവൻ സ്വൎണ്ണമാ യി കണ്ടു. അങ്ങനെ അവരുടെ ദാരിദ്ര്യത്തിന്നു അല്പം ആശ്വാസം കിട്ടി.

വിവരം കേട്ടുകേഠപ്പിച്ചു നാട്ടിലെല്ലാം അറിഞ്ഞു. സ്വൎണ്ണത്തിന്നു കൊതി മൂത്തു് വളരെ ജനങ്ങഠ പാൽ കൊണ്ടു നിവേദ്യം കഴിച്ചുനോക്കി. ആൎക്കും അതിനാൽ വിശേഷിച്ചു ഫലമൊന്നും ഉണ്ടായില്ല. ജനങ്ങളുടെ ദുൎമ്മോഹം കണ്ടു ദേവന്നു കോപം വന്നു. പട്ടണം മുഴുവൻ തീപ്പിടിച്ചു നശിച്ചു. അതുകാരണം ജനങ്ങഠ ദേവനെ വെറുത്തു. അമ്പലത്തിലെ ശാന്തിക്കാരന്നും തോന്നി കു റച്ചുനാളായിട്ടു ദേവൻ വളരെ ഉഗ്രനായിരിക്കുന്നുവെന്നു്.

ഒടുവിൽ അവരെല്ലാംകൂടി ബിംബമെടുത്തു അടുത്തുള്ള ഒരു കുളത്തിലെറിഞ്ഞു.

കൊച്ചിയിലെ കൊങ്കിണികളുടെ കൂട്ടത്തിൽ ഒരു സന്യാസിക്കു അക്കാലത്ത് ഒരു ദശ്നമുണ്ടായി. വിദ്യാനഗരത്തിൽ ചെന്നു കുളത്തിൽനിന്നു ആ വിഗ്രഹം എടുത്തുകൊണ്ടുവന്നു കൊച്ചിയിലെ ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കണമെന്നായിരുന്നു ദശ്നം. അദ്ദേഹം അങ്ങനെ ചെയ്തു.

മരതകപ്പച്ചകൊണ്ടു ഉണ്ടാക്കപ്പെട്ട ആ ദേവബിംബം ഇപ്പോഴും കൊച്ചിയിലെ തിരുമലക്ഷേത്രത്തിലുണ്ടു്.

## 18. കൂടൽമാണിക്യം.

പണ്ടുകാലത്തു് ഇരിങ്ങാലക്കുട ക്ഷേത്രത്തിൽ ഒരു കുറുപ്പ് ഭജനത്തിന്നു ചെന്നു. ഓണാട്ടുകരക്കാരനായിരുന്നു അദ്ദേഹം. അമ്പലത്തിൽ ഭജിച്ചു പാൎത്തുവരുമ്പോൾ അവിടത്തെ ബിംബത്തിന്നു മുകളിൽ അദ്ദേഹം ഒരു തേജസ്സു കണ്ടു. ഒരു മാണിക്യക്കല്ലിന്റെ ശോഭപോലെയാണു് അതു കാണപ്പെട്ടതു്.

ബിംബത്തിന്മേൽ കണ്ട കാന്തിയോടു് ഒപ്പിച്ചു നോക്കുവാൻ ഒരു മാണിക്യക്കല്ലു കിട്ടിയാൽ കൊള്ളാമെന്നു നാട്ടുകാർ ആഗ്രഹിച്ചു. കായംകുളം രാജാവിന്റെ പക്കൽ മാണിക്യക്കല്ലുണ്ടെന്നു രാമക്കുറുപ്പു നാട്ടുകാൎക്കു് പറഞ്ഞുകൊടുത്തു. അദ്ദേഹംതന്നെ ഒരെഴുത്തു കൊടുത്തു

കായംകുളത്തേക്ക് ആളെ വിട്ടു; ആവശ്യം കഴിഞ്ഞാൽ ഉടനെ മടക്കി കൊടുക്കണമെന്നേല്പിച്ചു കായംകുളം രാജാവു മാണിക്യം കൊടുത്തയക്കയും ചെയ്തു.

കല്ലു കൊണ്ടുവരുമ്പോഴെക്കും ബിംബത്തിൽ കണ്ട തേജസ്സ് മാഞ്ഞുപോയി. എങ്കിലും കുറച്ചു ദിവസങ്ങൾ ക്കുള്ളിൽ വീണ്ടും അതു കാണപ്പെട്ടു. കല്ലു കൊണ്ടുചെന്നു ബിംബത്തിന്മേൽ വെച്ചുനോക്കി. രണ്ടിന്റെറയും കാന്തി ഒരുപോലെയായിരുന്നു. പക്ഷെ വെച്ച കല്ല് മടക്കിയെടുക്കാൻ സാധിച്ചില്ല. ആ മാണിക്യം ബിംബത്തിലുണ്ടായിരുന്ന തേജസ്സോടു ചേൎന്നു ലയിച്ചു പോയി.

ക്ഷേത്രത്തിന്റെ ഊരാളന്മാർ ഉണ്ടായ വിവരമെല്ലാം കായംകുളം രാജാവിന്നെഴുതി. മാണിക്യക്കല്ല് നഷ്ടപ്പെട്ടാലും വിരോധമില്ല; ക്ഷേത്രത്തിന്റെ ഊരായ്മസ്ഥാനം തനിക്കു കിട്ടിയാൽ മതിയെന്നാണു കായംകുളം രാജാവ് നാട്ടുകാരെ അറിയിച്ചതു്. അങ്ങനെ അവർ കായംകുളം രാജാവിനെ ഇരിങ്ങാലക്കുടെ ക്ഷേത്രത്തിന്റെ ഊരാളനായി എടുത്തു. അദ്ദേഹം രാമക്കുറുപ്പിനെത്തന്നെ തച്ചുടയക്കയ്മളായി വാഴിച്ചു ക്ഷേത്രകാൎയ്യങ്ങൾ നടത്തിപ്പോന്നു.

കുറെക്കാലങ്ങൾക്കു ശേഷം കായംകുളം രാജ്യം തിരുവിതാംകൂറിലെ രാജാവു പിടിച്ചടക്കിയല്ലൊ. അതോടുകൂടി ഇരിങ്ങാലക്കുടെ ക്ഷേത്രത്തിന്റെ ഊരായ്മസ്ഥാനം തിരുവിതാംകൂറിലെ രാജാക്കന്മാൎക്കു കിട്ടി.

---

## 19. തിരുവഞ്ചിക്കളം.

കൊടുങ്ങല്ലൂർ ഒരു കൊച്ചു താലൂക്കാണ്. എന്നാൽ കൊടുങ്ങല്ലൂരെന്നു പറഞ്ഞാൽ ഇപ്പോൾ ആ താലൂക്കിന്റെ പ്രധാനമായ ഭാഗങ്ങളെയെല്ലാം ഉൾപ്പെടുത്തി ആളുകൾ മനസ്സിലാക്കും. പണ്ടു ആ പേര് ഇന്ന് ഭഗവതീക്ഷേത്രം ഇരിക്കുന്ന സ്ഥലത്തിന്നുമാത്രമേ പറഞ്ഞിരുന്നുള്ളു. അതിന്നടുത്ത മററു സ്ഥലങ്ങൾക്കെല്ലാം വെവ്വേറെ പേരുകൾ ഉണ്ടായിരുന്നു. തിരുവഞ്ചിക്കുളം ആ ദേശവിഭാഗങ്ങളിൽ ഒന്നാണു. ഇന്ന് ആ പേർ പറയുന്ന സ്ഥലത്തു വലിയൊരു ക്ഷേത്രവും ഒരു ചെറിയ കോവിലകവും ഏതാനും ചില്ലറ കെട്ടിടങ്ങളും ആണുള്ളതു്.

ഏകദേശം ആയിരത്തിലധികം കൊല്ലങ്ങൾക്കു മുമ്പുവരെ തിരുവഞ്ചിക്കുളം വലിയൊരു രാജധാനിയായിരുന്നു. മലയാളരാജ്യത്തെ മുഴുവൻ ഭരിച്ചിരുന്ന ചക്രവർത്തിമാരുടെ തലസ്ഥാനമായിരുന്നു അതു്. അക്കാലത്തു് തിരുവഞ്ചിക്കുളത്തു കോവിലകങ്ങളും കോട്ടകളും കൊത്തളങ്ങളും ധാരാളമുണ്ടായിരുന്നു. തിരുവഞ്ചിക്കുളത്തിന്റെ നേരെ കിഴക്കു കിടക്കുന്നതു് ആലുവാപ്പുഴയുടെ മുഖമാണു്. അവിടെ പണ്ടു വിദേശികളുടെ കപ്പലുകൾ വന്നു നിന്നു നമ്മുടെ നാട്ടിലെ ആനക്കൊമ്പു്, കുരുമുളകു് മുതലായ വിലപിടിച്ച സാധനങ്ങൾ കയററിക്കൊണ്ടുപോയിരുന്നു. ഒരു വലിയ തുറമുഖമാണു് അന്നു ആലുവാപ്പുഴയുടെ മുഖത്തുണ്ടായിരുന്നതു്. തിരുവഞ്ചിക്കുളത്തിന്റെ പടിഞ്ഞാറു് ഇന്നു അഴീക്കോടു് എന്നു വിളിക്കുന്ന ഒരു

സ്ഥലമുണ്ട്. അവിടെ വലിയ അങ്ങാടികളും അവ നിറയെ പാണ്ടികശാലകളും ഉണ്ടായിരുന്നു. കച്ചവടത്തിന്നായി അവിടെ ഗ്രീക്കുകാർ, റോമക്കാർ, അറബികൾ, ചീനക്കാർ, യൂദന്മാർ, അസീറിയക്കാർ മുതലായ മറുനാട്ടുകാർ വന്നിറങ്ങിയിട്ടുണ്ട്. അഴീക്കോട്ടുനിന്നു വടക്കോട്ടു വളരെ ദൂരം അന്നത്തെ അങ്ങാടി നീണ്ടുകിടന്നിരുന്നു. മകോതയർ പട്ടണം എന്നായിരുന്നു ആ കമ്പോളത്തിന്നു പേർ.

നമ്മുടെ രാജ്യത്തു ഇന്നു കാണുന്ന നമ്പൂതിരിമാരുടെ പൂർവ്വന്മാർ പരശുരാമന്റെ കൂടെ വന്നിറങ്ങിയതു തിരുവഞ്ചിക്കുളത്താണു. അവരെ അന്നത്തെ രാജാക്കന്മാർ സന്തോഷത്തോടുകൂടി കയ്ക്കൊള്ളുകയും രക്ഷിക്കുകയും ചെയ്തു. അവർ കൊണ്ടുവന്നതാണു ഹിന്തുമതം. ബുദ്ധമതവും അക്കാലത്ത് തിരുവഞ്ചിക്കുളം വഴിക്കു കേരളത്തിൽ നടപ്പായിരുന്നു. ബുദ്ധമതക്കാരുടെ ആരാധനാസ്ഥലങ്ങളും തിരുവഞ്ചിക്കുളത്തുണ്ടായിരുന്നു. ഒന്നാം നൂററാണ്ടിൽ ക്രിസ്തുമതം പ്രചരിപ്പിക്കാൻ മലയാളത്തിൽ വന്ന സെന്തോമാസ്സ് കപ്പലിറങ്ങിയതു തിരുവഞ്ചിക്കുളത്തിന്നടുത്താണു. അദ്ദേഹത്തിന്റെ മതം അനുസരിച്ച മലയാളികൾക്കു കൊടുങ്ങല്ലൂർ കരയിൽ പണ്ടുതന്നെ പള്ളികളുണ്ടായിരുന്നു. ജൂതന്മാർ, ജൈനന്മാർ മുതലായവക്കും കൊടുങ്ങല്ലൂരിൽ പ്രത്യേകം ആരാധനാസ്ഥലങ്ങൾ ഉണ്ടായിരുന്നതായറിയാം. എല്ലാ മതങ്ങളേയും എല്ലാ ജാതിക്കാരേയും ഒന്നുപോലെ മാനിക്കുവാൻ തിരുവഞ്ചിക്കുളത്തെ രാജാക്കന്മാർ മടികാണിച്ചില്ല. തിരുവഞ്ചിക്കുളത്തുനിന്നു കുറെ വടക്കോട്ടു നീങ്ങിയുള്ള മതി

ലകം എന്ന പ്രദേശം പണ്ടു വിദ്വാന്മാരുടെ കേന്ദ്രമായിരുന്നു.

കൊടുങ്ങല്ലൂർ തുറമുഖത്തെ യൂറോപ്യന്മാർ മുസിരിസ്സ് എന്നും തമിഴന്മാർ മുച്ചിരി എന്നും മലയാളികാം മുയിരിക്കോടെന്നും വിളിച്ചിട്ടുണ്ടു. രാജധാനിയായിരുന്ന തിരുവഞ്ചിക്കളത്തിന്നു തമിഴന്മാരിട്ട പേർ വഞ്ചിയെന്നാണു.

പെരുമാക്കന്മാരിൽവെച്ചു ഒട്ടവിലത്തെ ആളായ ചേരമാൻപെരുമാാം തിരുവഞ്ചിക്കളത്തു തപസ്സുചെയ്തു മരിച്ചതിനാൽ അദ്ദേഹത്തിൻെറ ഒരു വിഗ്രഹം അവിടത്തെ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ടു.

# 20. ഇമയവർമ്മപ്പെരുമാൾ

അഥവാ

## ചെങ്കുട്ടവൻ.

ക്രിസ്ത്വബ്ദത്തിൻെറ തുടക്കത്തിൽ കേരളം ഭരിച്ചിരുന്നതു് പെരുമാക്കന്മാരായിരുന്നു. ചേരരാജവംശത്തിൽ പെട്ടവരായിരുന്നുവത്രെ പെരുമാക്കന്മാരിൽ അധികം പേരും. അവരിൽ ഏററവും കേളിപ്പെട്ട ദേഹമാണു ഇമയവമ്മപ്പെരുമാാം. തമിാംകൃതികളിൽ അദ്ദേഹത്തിന്നു നൽകിക്കാണുന്ന പേർ ചെങ്കുട്ടവൻ എന്നാണു. അദ്ദേഹം ബാണവമ്മപ്പെരുമാളുടെ സീമന്തപുത്രനായിരുന്നു. അദ്ദേഹത്തിൻെറ അനുജൻ രാജ്യഭാരം ഉപേക്ഷി

ച്ച് സന്യാസിയായി. ചിലപ്പതികാരം എന്ന വിളിപ്പെട്ട കാവ്യം എഴുതിയതു അദ്ദേഹമാണ്. അച്ഛന്റെ മൂപ്പത്താറു കൊല്ലത്തെ ഭരണത്തിന്നുശേഷം സീമന്തപുത്രൻ രാജ്യഭാരം കയ്യേററു.

ചെങ്കുട്ടവൻ വലിയ പരാക്രമിയായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് കേരളത്തിന്റെ അതിര് കോയമ്പത്തൂർജില്ലക്കപ്പുറംവരെ എത്തിയിരുന്നതായിട്ടാണറിവ്. നാട്ടിൽ ശത്രുബാധ ഉണ്ടാകാതിരിപ്പാനും പ്രജകളുടെ ക്ഷേമം വർദ്ധിപ്പിക്കുവാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ടു. രാജധാനിയായ കൊടുങ്ങല്ലൂരിൽ അദ്ദേഹത്തിന്റെ കാലത്ത് യവനന്മാർ മുതലായ പല വിദേശീയരും കപ്പൽവഴിക്കിറങ്ങി വലിയ തോതിൽ കച്ചവടം നടത്തിയിരുന്നു. പരിവാരങ്ങളോടുകൂടി തുറമുഖത്തെഴുന്നെള്ളി അദ്ദേഹം വിദേശീയരുടെ കച്ചവടക്കപ്പലുകൾ വന്നുംപോയുമിരുന്നതു തൃക്കൺപാർത്ത് സന്തോഷിച്ചിരുന്നുവെന്നു പഴയ ലക്ഷ്യങ്ങളിൽ കാണുന്നുണ്ടു.

ചെങ്കുട്ടവന്റെ അധികാരം വടക്കെ ഇൻഡ്യയിലോളം എത്തിയിരുന്നുവത്രെ. ദ്രാവിഡവർഗ്ഗത്തെ നിസ്സാരമാക്കിയിരുന്ന ആര്യരാജാക്കന്മാരോടു അദ്ദേഹം പലതവണ പടവെട്ടി ജയിച്ചിട്ടുണ്ടു. കനകനെന്നും വിജയനെന്നും പേരായ രണ്ടു ആര്യരാജാക്കന്മാരെ അദ്ദേഹം തടവുകാരാക്കി കേരളത്തിലേക്കു കൊണ്ടുവന്നുവെന്നു ചിലപ്പതികാരത്തിൽ കാണുന്നു.

ചെങ്കുട്ടവനാണു കൊടുങ്ങല്ലൂർ ഭഗവതീക്ഷേത്രം പണിയിച്ചതെന്നു ഒരു വിശ്വാസമുണ്ടു. കോവലൻ എന്ന സന്യാസിയുടെ പ്രാണവല്ലഭയായിരുന്ന കണ്ണകിയെന്ന

സ്മരണത്തിന്റെ ഓർമ്മക്കായിട്ടാണത്രെ അദ്ദേഹം ആ ക്ഷേത്രം നിർമ്മിച്ചത്. ചിലപ്പതികാരത്തിൽ അക്കാര്യം വിവരിച്ചിട്ടുണ്ട്.

ചെങ്കുട്ടവപ്പെരുമാളുടെ കാലത്താണു കൊച്ചിക്കു തെക്കുള്ള കരപ്പുറം അല്ലെങ്കിൽ കുട്ടനാട് എന്ന പ്രദേശം കടൽ പിൻവാങ്ങിപ്പോയിട്ടുണ്ടായതെന്നു ചിലർ പറയുന്നു. കുട്ടനാടെന്നു പേരുണ്ടായതു അദ്ദേഹത്തിന്റെ പേർവഴിയായിട്ടാണത്രെ.

## 21. വാസ്കോഡിഗാമ.

നാളികേരം, കുരുമുളക്, ഏലക്കായ മുതലായവ നമ്മുടെ നാട്ടിൽ ധാരാളം ഉണ്ടാകുന്നുണ്ടല്ലോ. എന്നാൽ അവ യൂറോപ്പിൽ ചുരുക്കമാണു്. അങ്ങനെയുള്ള സാധനങ്ങൾ കേരളത്തിൽനിന്നു വാങ്ങിക്കൊണ്ടുപോകാൻ പല യൂറോപ്യൻകപ്പലുകളും വരിക പതിവുണ്ടു.

ഏകദേശം 400 കൊല്ലങ്ങൾക്കുമുമ്പു മലയാളക്കരയുമായി വലിയ കച്ചവടം നടത്തിപ്പോന്നതു് യൂറോപ്പിലെ പൊർത്തുഗാൾരാജ്യക്കാരാണു. അവരിൽ പ്രമാണി വാസ്കോഡിഗാമയായിരുന്നു. അദ്ദേഹം ആദ്യം കപ്പലോടിച്ചു കോഴിക്കോട്ടാണു വന്നിറങ്ങിയതു. അക്കാലത്തു കോഴിക്കോട്ടുരാജ്യം ഭരിച്ചിരുന്നതു സാമൂതിരിരാജാക്കന്മാരായിരുന്നു. ഗാമയും കൂട്ടരുംകൂടി സാമൂതിരിയെ ചെന്നുകണ്ടു് ആ നഗരത്തിൽ കച്ചവടം നടത്താൻ അനുവാദം ചോദിച്ചു. നാട്ടിലുണ്ടാകുന്ന സാധനങ്ങൾക്കു

നല്ല വില കിട്ടുമെന്നു കരുതി സാമൂതിരിപ്പാട്ട അതിന്നു് അനുവാദവും കൊടുത്തു.

അതിന്നുമുമ്പ് അവിടെ കച്ചവടം നടത്തിപ്പോന്ന മാപ്പിളമാൎക്ക ഈ പുതിയ ഏൎപ്പാട്ട തീരെ പിടിച്ചില്ല. തങ്ങൾക്ക കിട്ടിയിരുന്ന ലാഭം കുറഞ്ഞുതുടങ്ങിയപ്പോൾ മാപ്പിളമാർ പോൎത്തുഗീസുകാരെ ഉപദ്രവിപ്പാൻ തുടങ്ങി. സാമൂതിരിയുടെ ഉദ്യോഗസ്ഥന്മാർ മാപ്പിളമാരുടെ ശല്യം നിവൎത്തുവാൻ യാതൊന്നും പ്രവൎത്തിച്ചില്ല.

തന്റെ നാട്ടുകാരായ വേറെ ചിലരെ കച്ചവടം ഏല്പിച്ചു വാസ്കോഡിഗാമ യൂറോപ്പിലേക്ക മടങ്ങിപ്പോയി. അങ്ങനെയിരിക്കെ, ഒരിക്കൽ മാപ്പിളമാർ യൂറോപ്യന്മാരുടെ പാണ്ടികശാലകളിൽ കയറി കൊള്ളയിട്ടു് വലിയ നഷ്ടം വരുത്തി. പോൎത്തുഗീസുകാർ സാമൂതിരിരാജാവിനോട്ട തങ്ങൾക്ക പററിയ നഷ്ടം വകവെച്ചുകിട്ടണമെന്നാവശ്യപ്പെട്ടു. രാജാവ് അതിന്നു വഴിപ്പെട്ടില്ല. ഒടുവിലവർ വലിയ തോക്കുകൾ ഒഴിച്ചു കോഴിക്കോട്ട നഗരം ചുട്ടുകളഞ്ഞു.

വിവരം പൊൎത്തുഗാളിൽ അറിയിച്ചപ്പോൾ കച്ചവടത്തിന്നു വേറെ സ്ഥലം കണ്ടുപിടിക്കുവാൻ വാസ്കോഡിഗാമ രണ്ടാമതും പുറപ്പെട്ടു. അത്തവണ അവർ ചെന്നു കപ്പലിറങ്ങിയതു കൊച്ചിയിലായിരുന്നു. അക്കാലത്തു് കൊച്ചിരാജ്യത്തുണ്ടാകുന്ന മുളകു് സാമൂതിരിക്കെത്തിച്ചുകൊടുക്കയായിരുന്നു പതിവു. അതിന്നു വിലയും കുറച്ചേ കിട്ടിയിരുന്നുള്ളു. അതുകൊണ്ടു ഗാമയെ കണ്ടപ്പോൾ കൊച്ചിക്കാൎക്ക സന്തോഷമായി. കൊച്ചിപട്ട

ണത്തിൽ പാണ്ടികശാലയും കോട്ടയും കെട്ടുവാൻ രാജാവു പോൎത്തുഗീസുകാരെ അനുവദിച്ചു.

ഗാമ പിന്നെയും യൂറോപ്പിലേക്കുതന്നെ മടങ്ങിപ്പോയി. കൊച്ചികോട്ടയിൽ പോൎത്തുഗീസുകാർ കച്ചവടം നടത്തുകമാത്രമല്ല ചെയ്തതു. അവർ കൊടുങ്ങല്ലൂരും ഒരു കോട്ട കെട്ടി. അവിടത്തെ ക്രിസ്ത്യാനികളുടെ ഭരണവും മററും പോൎത്തുഗീസുകാരുടെ കയ്യിലായി.

അങ്ങനെയിരിക്കെ കേരളത്തിൽ പാൎത്തിരുന്ന പോൎത്തുഗീസ് ഉദ്യോഗസ്ഥന്മാർ തമ്മിൽ വഴക്കുതുടങ്ങി. അവർ കൊച്ചിരാജാവിനോടും ഇടയ്ക്കിടെ കലഹിച്ചുകൊണ്ടിരുന്നു. വസ്തുത യൂറോപ്പിലറിഞ്ഞപ്പോൾ പോൎത്തുഗാൾ രാജാവു വാസ്കോഡിഗാമയെ മൂന്നാമതും മലയാളത്തിലേക്കയച്ചു. അപ്പോഴെക്കും അദ്ദേഹം വൃദ്ധനായി. എങ്കിലും വഴക്കുകൾ എല്ലാമൊക്കെ ഒതുക്കുവാനും കച്ചവടം ക്രമപ്പെടുത്തുവാനും അദ്ദേഹം ശ്രമിച്ചു. പക്ഷെ ഏറെത്താമസിയാതെ അദ്ദേഹം കൊച്ചിയിൽ കിടന്നു മരിച്ചു.

--:*:--

ഏ. ആർ. പി. പ്രസ്സ്, കുന്നംകുളം.

45-30